# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാമ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം പി13/1665/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം പി13/1665/23 തീയ്യതി: 25/11/2023

## കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡാലി റോയ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സുജ മാത്യു | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ദിവ്യ റ്റി. എൽ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. കുക്ക അച്ചാമ്മ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. രഞ്ചു | മെഡിക്കൽ ഓഫീസർ-PHC | 01-04-2022 | 31-03-2023 |
| ഡോ. സൗധ ഇ. എ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. നിഖില സജീവൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| അനിൽ കുമാർ കെ. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി) | 01-04-2022 | 31-03-2023 |
| അരുൺ പി. സുരേന്ദ്രൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി സൗത്ത്) | 01-04-2022 | 31-03-2023 |
| മഞ്ജു പി. പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| മായ ബി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| കണ്ണൻ എം. വി. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഓമന മാത്യു | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| അജിത കുമാരി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |

| | | | |
|---|---|---|---|
| ഷീനാമോൾ പി. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്) | 01-06-2022 | 02-08-2022 |
| അക്ഷര എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 03-08-2022 | 24-08-2022 |
| ഷീനാമോൾ പി. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 25-08-2022 | 04-09-2022 |
| ഷെറിൻ അമ്പിളി ജെയിംസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 05-09-2022 | 25-09-2022 |
| അക്ഷര എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-09-2022 | 21-10-2022 |
| ഷെറിൻ അമ്പിളി ജെയിംസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 22-10-2022 | 27-10-2022 |
| ഷീനാമോൾ പി. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 28-10-2022 | 31-03-2023 |
| ഷീനാ എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| അനിൽകുമാർ റ്റി. എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |

04/01/2023 മുതൽ 15/01/2023 വരെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക ഒഴിവായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | അക്രൂവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | കണ്ടിജന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ഭരണ ചെലവുകൾ അക്രൂവലല്ലാതെ അക്കൗണ്ട് ചെയ്തു | 1-1-9 |
| 11 | സ്ഥിര നിക്ഷേപ കണക്കുകളിൽ നിക്ഷേപത്തിൽ നിന്നും 5,943/- രൂപയുടെ വ്യത്യാസം | 1-1-10 |
| 12 | റിഡംഷൻ തുക തിരികെ ലഭിച്ചത് വരവായി അക്കൗണ്ട് ചെയ്തില്ല | 1-1-11 |
| 13 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല | 1-1-12 |
| 14 | ബജറ്റ്-വിശകലനം | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | വാർഷികപദ്ധതി | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ദേശസാൽകൃതബാങ്കിലെ പലിശരഹിത അക്കൗണ്ടിൽ കോടിക്കണക്കിന് രൂപ നീക്കിയിരിപ്പ്-പലിശയിനത്തിൽ പഞ്ചായത്തിന് വൻ സാമ്പത്തികനഷ്ടം | 1-11 |
| 24 | നൽകി മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-12 |

| | | |
|---|---|---|
| 25 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-13 |
| 26 | ഒരേ കെട്ടിടത്തിലെ മുറികൾക്ക്/സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-14 |
| 27 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു | 1-15 |
| 28 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 29 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചതിനാൽ വരുമാനനഷ്ടം | 1-17 |
| 30 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-18 |
| 31 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-19 |
| 32 | പഞ്ചായത്തിന്റെ അധീനതയിലുള്ളതും വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ കെട്ടിടങ്ങളുടെ എണ്ണത്തിൽ കൃത്യതയില്ല | 1-20 |
| 33 | മുൻ വർഷങ്ങളിലെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-21 |
| 34 | 2022-23 വർഷത്തെ വാടകയിനത്തിൽ 136382/-രൂപ ഈടാക്കിയിട്ടില്ല | 1-22 |
| 35 | പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-23 |
| 36 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-24 |
| 37 | മരങ്ങൾ ലേലം ചെയ്യാതെ അവശേഷിക്കുന്നു | 1-25 |
| 38 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായില്ല | 1-26 |
| 39 | ടാപ്പുകളുടെ വാട്ടർ ചാർജ്-പ്രവർത്തിക്കാത്ത ടാപ്പുകളുടെ ഉൾപ്പടെ ഭീമമായ തുക ഒടുക്കുന്നു | 1-27 |
| 40 | വൈദ്യുതചാർജ് കുടിശ്ശിക ആർ. ആർ നടപടികൾക്ക് വിധേയമായി പിഴപലിശ സഹിതം അടവാക്കി | 1-28 |
| 41 | കാർഷികമേഖലയുടെ പുരോഗതിക്കായി ലഭ്യമായ 3.5 ലക്ഷത്തോളം രൂപ മൂല്യം വരുന്ന ലാബ് ഉപകരണങ്ങൾ സംരക്ഷിക്കപ്പെടാത്ത നിലയിൽ | 1-29 |
| 42 | സാംസ്കാരിക നിലയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 1-30 |
| 43 | കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ-അവധി അക്കൗണ്ട് സൂക്ഷിക്കുന്നില്ല | 1-31 |
| 44 | കെ.കെ.റോഡ് സൗന്ദര്യവൽക്കരണം- ഭാഗികമായി മാത്രം പ്രവൃത്തി നടപ്പാക്കി-പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-32 |
| 45 | ബെയിലിംഗ് മെഷീൻ പ്രവർത്തനയോഗ്യമായിട്ടില്ല | 1-33 |
| 46 | ലൈഫ് മിഷൻ വായ്പ-8.2 ലക്ഷം രൂപ ചെലവഴിക്കാതെ ദീർഘകാലം | 1-34 |

| | | |
|---|---|---|
| | ബാങ്കിൽ സൂക്ഷിക്കുന്നു | |
| 47 | ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ജി-ബിൻ വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത | 1-35 |
| 48 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ അപാകത | 1-36 |
| 49 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-37 |
| 50 | ജൈവമാലിന്യ ഉപാധികൾ വിതരണം ചെയ്തിട്ടില്ല | 1-38 |
| 51 | എം സി എഫ് - മാലിന്യ പരിപാലനം ഉറപ്പുവരുത്തുക | 1-39 |
| 52 | ഭവന നിർമ്മാണ പദ്ധതി- അപാകതകൾ | 1-40 |
| 53 | നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശമില്ല-കാലഹരണപ്പെടുന്നത് മുതൽക്കൂട്ടുന്നതിന് സംവിധാനമില്ല | 1-41 |
| 54 | നിക്ഷേപ പ്രവൃത്തികളുടെ വിശദാശം സൂക്ഷിക്കുന്നതിലും ക്രമീകരണത്തിലും അപാകതകൾ | 1-42 |
| 55 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിലും ക്രമീകരണത്തിലും അവ്യക്തത | 1-43 |
| 56 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശം കണ്ടെത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-44 |
| 57 | കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-45 |
| 58 | കുടിവെള്ളപദ്ധതികൾ- പൂർത്തീകരണ വിവരങ്ങളും ചെലവുതുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമായിട്ടില്ല | 1-46 |
| 59 | തൊഴിലുറപ്പ് പദ്ധതി/മറ്റുള്ളതുമായ മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-47 |
| 60 | സമഗ്രശിക്ഷ കേരള–പഞ്ചായത്ത്ചെലവഴിച്ച 6 ലക്ഷം രൂപയുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല | 1-48 |
| 61 | ലൈഫ് പദ്ധതി(ജനറൽ) - ഭവനനിർമ്മാണ പുരോഗതി അവലോകനം | 1-49 |
| 62 | ലൈഫ് പദ്ധതി(പട്ടികജാതി)-വിശകലനം | 1-50 |
| 63 | അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതെ പദ്ധതി ആനുകൂല്യം അനുവദിച്ചു | 1-51 |
| 64 | കാർഷികവിപണനകേന്ദ്രം - ഉയർന്ന വിഭവസമാഹരണത്തിന് സാധ്യമാകുംവിധം സജ്ജമാക്കിയിട്ടില്ല | 1-52 |
| 65 | കാലി ബാരൽ വില - ബില്ലുകളിൽ നിന്ന് കുറവ് ചെയ്ത തുക നിശ്ചിത ഫണ്ടുകളിലേയ്ക്ക് അടവാക്കേണ്ടതാണ് | 1-53 |
| 66 | അധിക വിഭവ സമാഹരണം | 1-54 |
| | ഭാഗം **2** | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22/07/2023 തീയതിയിലെ 2 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2.8 ലക്ഷം ചെലവഴിച്ച സുസ്ഥിര ആസ്തി സൃഷ്ടിക്കൽ പ്രോജക്ടായ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(നം. 228/23) ഫണ്ട് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും/ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല.

### 1-1-5 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 37.83 ലക്ഷം രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം Other Fixed Asset ന്റെ മൂല്യശോഷണം ആസ്തിയിൽ അധികരിച്ചതായും കാണുന്നു.

### 1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

### 1-1-7 അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

അക്രുവൽ വരവുകളായ കെട്ടിട വാടക, തൊഴിൽ നികുതി(സ്ഥാപനം, ട്രേഡർ, ലൈസൻസ്) എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി വരവുകളുടെ ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-8 കണ്ടിജന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സ്ഥിരമായ ചെലവുകൾ വരുന്ന ഇനങ്ങളായ വൈദ്യുതി ചാർജ്, വാട്ടർ ചാർജ് തുടങ്ങിയവയുടെ സ്രോതസ്സ്

വിവരങ്ങളടങ്ങിയ കണ്ടിജന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-1-9 ഭരണ ചെലവുകൾ അക്രുവലല്ലാതെ അക്കൗണ്ട് ചെയ്തു

2022-23 വർഷത്തെ ഭരണ ചെലവുകളിൽ 31,700/- രൂപ പേയബിൾ ആയി അക്കൗണ്ട് ചെയ്യാതെ റവന്യൂ ശീർഷകത്തിൽ നേരിട്ട് ചെലവ് ചെയ്തു. ഭരണ ചെലവുകൾ അക്രുവലായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

1-1-10 സ്ഥിര നിക്ഷേപ കണക്കുകളിൽ നിക്ഷേപത്തിൽ നിന്നും 5,943/- രൂപയുടെ വ്യത്യാസം

FD Recept/Scroll പ്രകാരം സ്ഥിരനിക്ഷേപങ്ങളുടെ പലിശ തൻവർഷം ലഭിച്ചത് 329,327/- രൂപയാണ്. എന്നാൽ പലിശ തുക 5,943/- രൂപ അധികമായി കണക്കാക്കി 335,270/- രൂപ സ്ഥിരനിക്ഷേപത്തോട് ചേർത്തതായി അക്കൗണ്ട് ചെയ്തതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപത്തിൽ 5,943/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-11 റിഡംഷൻ തുക തിരികെ ലഭിച്ചത് വരവായി അക്കൗണ്ട് ചെയ്തില്ല

1,963,712/- രൂപ റിഡംപ്ഷൻ തൻവർഷം തിരികെ ലഭിച്ചത് വരവായി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ലഭ്യമായ റിഡംപ്ഷൻ തുകയുൾപ്പെടെ ലഭിക്കാനുള്ളതായി പ്രതിഫലിക്കുന്നു.

1-1-12 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല

ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ(ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രുവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 3.72 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

| ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് |
|---|---|
| 350100101 | Amount Payable To Suppliers |
| 350100201 | Amount Payable To Contractors |
| 350100301 | Amount Payable To Conveners |
| 350100401 | Amount Payable To Professionals |
| 350100501 | Amount Payable To Elected Representatives |
| 350100901 | Amount Payable To KSEB |
| 350100902 | Amount Payable To Telephone Charge |
| 350100903 | Amount Payable To KWA |

ഉദാഹരണമായി പഞ്ചായത്ത് ഭരണസമിതി മെമ്പർമാർക്കുള്ള ഓണറേറിയം 350100501 ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യേണ്ടതായിരുന്നു. വൈദ്യുതി ചാർജ് 350100901 ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യായിരുന്നു ചെലവഴിക്കേണ്ടത്. ചെലവുകൾ അക്രുവൽ ചെയ്യുന്നതിലെ അപാകത 2023-24 വർഷം പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ IKM-ന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 30/03/2022 ലെ 1/1-ാം നം.

തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 09/03/2023 ലെ 3/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 52,947,054/- | 52,947,054/- |
| വരവ് | 247,075,000/- | 257,849,205/- |
| ആകെ | 300,022,054/- | 310,796,259/- |
| ചെലവ് | 295,275,000/- | 257,998,000/- |
| നീക്കിയിരിപ്പ് | 4,747,054/- | 52,798,259/- |

ബജറ്റ് പ്രകാരം 25.78 കോടി രൂപ വരവും 25.79 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 16.8 കോടി രൂപയും ചെലവ് 16.6 കോടി രൂപയുമാണുള്ളത്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി(Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 57,018,375/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 64,445,833/- |
| ആകെ | 121,464,208/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 57,798,060/- |
| നീക്കിയിരിപ്പ് (31/03/2023) | 63,666,148/- |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 168,005,766/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 165,950,331/- |
| പ്രവർത്തന മിച്ചം(Gross Surplus) | 2,055,435/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | -(219,445/-) |
| അറ്റ പ്രവർത്തനമിച്ചം(Net Surplus) | 1,835,990/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,198,900/- |

## 1-4 ഗ്രാന്റ് വിനിയോഗം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളത് പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20,602,000/- (206,020/-) | 20,395,980/- | 19,645,979/- | 750,001/- | 96.32 |
| വികസന ഫണ്ട്-SCSP | 0 | 4,307,000/- | 4,307,000/- | 4,193,196/- | 113,804/- | 97.36 |
| വികസന ഫണ്ട്-TSP | 0 | 103,000/- | 103,000/- | 91,500/- | 11,500/- | 88.84 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 1,563,278/- | 3,969,791/- | 5,533,069/- | 4,840,416/- | 692,653/- | 87.48 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 4,237,200/- | 11,233,082/- | 15,470,282/- | 8,059,403/- | 7,410,879/- | 52.10 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 19,192,000/- | 19,192,000/- | 13,885,826/- | 5,306,174/- | 72.35 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 7,188,000/- | 7,188,000/- | 4,648,959/- | 2,539,041/- | 64.68 |
| TSC ഫണ്ട് | 25,047/- | 0 | 25,047/- | 0 | 25,047/- | - |
| ICDS ഫണ്ട് | 95,749/- | 1,463,339/- | 1,559,088/- | 0 | 1,559,088/- | - |
| സാക്ഷരത ഫണ്ട് | 32,000/- | 0 | 32,000/- | 0 | 32,000/- | - |
| ശുചിത്വ മിഷൻ | 3,532,156/- | 0 | 3,532,156/- | 1,331,297/- | 2,200,859/- | - |
| Health Grant-1 | 0 | 121,185/- | 121,185/- | 87,073/- | 34,112/- | - |
| Health Grant-2 | 0 | 207,501/- | 207,501/- | 205,297/- | 2,204/- | - |
| ആയുർവേദ ഫണ്ട് | 34,338/- | 0 | 34,338/- | 0 | 34,338/- | - |
| ഖരമാലിന്യ സംസ്കരണ ഫണ്ട് | 335,174/- | 0 | 335,174/- | 0 | 335,174/- | - |
| ആയുഷ് ഗ്രാന്റ് | 0 | 450,000/- | 450,000/- | 0 | 450,000/- | - |
| LIFE State Fund | 364,022/- | 4,100,000/- | 4,464,022/- | 2,200,000/- | 2,264,022/- | - |

നികുതി കുടിശിക കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ 18/10/2022 ലെ സ.ഉ.(കൈ)

നം.179/2022/ധന നിർദ്ദേശ പ്രകാരം വികസന ഫണ്ടിന്റെ 1% തുക 206,020/- സ്രോതസ്സിൽ കുറവ് ചെയ്തു. വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 20,602,000/- | (206,020/-) 1% കുറവ് ചെയ്തത് | 20,395,980/- | 256/23-554,800/- 257/23-554,800/- 263/23-554,800/- ആകെ-1,664,400/- | 18,731,580/- |
| വികസന ഫണ്ട്-SCSP | 4,307,000/- | ഇല്ല | 4,307,000/- | 260/23-111,598/- 264/23-111,598/- ആകെ-223,196/- | 4,083,804/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 3,583,000/- | 138,739/- പലിശ-248,052/- | 3,969,791/- | ഇല്ല | 3,969,791/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 5,374,000/- | 5,859,082/- | 11,233,082/- | ഇല്ല | 11,233,082/- |

ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 8,103,532/- രൂപയിൽ 3,650,107/- രൂപ ബാങ്കിൽ(Kerala Gramin Bank Account No.40542101033254) നീക്കിയിരിപ്പായി അവശേഷിക്കുന്നു. ക്യാരി ഓവർ വിഹിതം ട്രഷറി അലോട്ട്മെന്റായി ലഭിച്ച 5,997,821/- രൂപയിൽ (Untied-138,739/-, Tied-5,859,082/-) ചെലവഴിക്കാത്ത 4,453,425/- രൂപയാണ് പഞ്ചായത്തിന് ലാപ്സായത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. പഞ്ചായത്തിന്റെ 2020-21 ലെ നികുതി കുടിശിക കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ വികസന ഫണ്ട് മൂന്നാം ഗഡു അലോട്ട്മെന്റിന്റെ 1% സ്രോതസ്സിൽ കുറവു ചെയ്തിട്ടുണ്ട്.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 248,052/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
4. ഗുണഭോക്തൃ വിഹിതം, പഞ്ചായത്ത് ഫണ്ടിലുള്ള ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ എന്നിവയുടെ അക്കൗണ്ടിങ്ങിലും ക്രമീകരണത്തിലും അപാകതകൾ നിലനിൽക്കുന്നതിനാൽ ടി അപാകതകൾ പ്രത്യേക ഖണ്ഡികയായി പരാമർശിച്ചിട്ടുണ്ട്.
5. 2022-23 വർഷം ശുചിത്വമിഷൻ ഗ്രാന്റ് ചെലവായി ബാധ്യത ക്രമീകരിച്ച 1,331,297/- രൂപ വാർഷിക പദ്ധതിയിലെ ശുചിത്വമിഷൻ ഗ്രാന്റ് ചെലവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

6. ഹെൽത്ത് ഗ്രാന്റുകളുടെ(Health Grant-1,2) ചെലവ് കേന്ദ്രാവിഷ്കൃത ഫണ്ടായി സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ആകെ പ്രോജക്ട് ചെലവിൽ ടി ഫണ്ട് ചെലവ് ഉൾപ്പെട്ടിട്ടുണ്ട്.
7. 320200399 ശീർഷകത്തിലെ 01/04/2022 ലെ മുന്നിരിപ്പ് 156,852/- രൂപ ഏതിനം ഫണ്ടാണ് എന്ന് എ.സി.ആറിൽ വ്യക്തമാക്കിയിട്ടില്ല. ടി ശീർഷകത്തിൽത്തന്നെയാണ് 4.5 ലക്ഷം രൂപ ആയുഷ് ഗ്രാന്റ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയുഷ് ഗ്രാന്റ് കൃത്യമായ ശീർഷകത്തിലേക്ക് മാറ്റേണ്ടതും ശീർഷകത്തിലെ മുന്നിരിപ്പ് ഏതിനം ഫണ്ടാണ് എന്ന് വ്യക്തമാക്കേണ്ടതുമാണ്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷികപദ്ധതി

2022-23 വാർഷികപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണവകുപ്പിന്റെ 26-11-21ലെ ജി.ഓ.(എം.എസ്) 275/2021നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ അവസ്ഥാരേഖ തയ്യാറാക്കുകയും വികസനരേഖ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള നടപടിക്രമങ്ങളും 19-4-22ലെ സ.ഉ(കൈ) നം 84/2022 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തൃപ്തികരമായി നിറവേറ്റിയിട്ടുള്ളതായി കാണുന്നു.
മേൽ പ്രവർത്തനങ്ങളുടെ തുടർച്ചയായി വാർഷികപദ്ധതി രൂപീകരണത്തിൽ 14-ാം പഞ്ചവൽസരപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖാ ഉത്തരവിലെ അദ്ധ്യായം 17 ഖണ്ഡിക 17.1 ൽ നിർദ്ദേശിച്ചിട്ടുള്ളതുപ്രകാരം തെരഞ്ഞെടുക്കപ്പെട്ട സംവിധാനങ്ങളും നിർവ്വഹണോദ്യോഗസ്ഥരും വിവിധ തീയതികളിൽ യോഗം ചേർന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഇപ്രകാരം നടന്നിട്ടുള്ള വിവിധ യോഗങ്ങളുടേയും / പ്രവർത്തനഘട്ടങ്ങളുടേയും സമയക്രമം ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗങ്ങൾ | 31-8-21, 24-4-22 19-5-22 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗങ്ങൾ | 22-2-22, 30-5-22, 24-8-22, |
| 2022-23-ലെ പുതുക്കിയ വികസനരേഖ അംഗീകരിച്ചുതീരുമാനിച്ചു | 13-7-22ലെ I(3) തീരുമാനം |
| വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം | 2-6-22, |
| ഭിന്നശേഷി ഗ്രാമസഭ | 26-1-23 |
| ഊരുകൂട്ടയോഗം | 22-5-22,16-6-22,24-9-22 |
| വികസനസെമിനാർ | 9-6-22 |
| അന്തിമ പദ്ധതിരേഖ അംഗീകരിച്ചു | 10-6-22ലെ അജണ്ട -1 (1) |
| വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം | 6-3-23-ലെ ഉത്തരവ് നം-82898/22/DPC/DPO |

### വാർഷികപദ്ധതി- വകയിരുത്തലും ചെലവു വിവരങ്ങളും

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ

17,01,50,538/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളും സർക്കാർ ഉത്തരവുപ്രകാരമുള്ള പ്രോജക്ടുകളും ഉൾപ്പെടെ ആകെ 232 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 166 പ്രോജക്ടുകൾക്കുവേണ്ടി 7,83,82,854/-- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തലിനെ അടിസ്ഥാനപ്പെടുത്തുമ്പോൾ വാർഷികപദ്ധതിച്ചെലവ് 46.06% മാത്രമാണ്. ധനകാര്യക്കമ്മീഷൻ ഗ്രാന്റ് തുക വകയിരുത്തിയ തുകയുടെ 63% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കൂടാതെ സംസ്ഥാനാവിഷ്കൃതപദ്ധതി വിഹിതം, ബ്ലോക്ക് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നീ വിഭാഗത്തിലും 'മറ്റുള്ളവ " എന്ന ഗണത്തിലും ഉൾപ്പെടുത്തി ഭീമമായ തുക വകയിരുത്തുകയും എന്നാൽ വകയിരുത്തലിനനുസൃതമായി തുക ചെലവഴിച്ചിട്ടില്ലാത്തതും കൂടാതെ അംഗീകാരം കിട്ടിയ എല്ലാ പ്രോജക്ടുകളും നടപ്പാക്കിയിട്ടില്ലാത്തതുമാണ് പദ്ധതിച്ചെലവ് 46 ശതമാനമായി കുറയാനിടയായത്. പദ്ധതി രൂപീകരണത്തിനു മുന്നോടിയായി സംയുക്തപ്രോജക്ടുകൾ സംബന്ധിച്ച് ബ്ലോക്ക്, ജില്ലാപഞ്ചായത്തുമായി കൂടിയോലോചന നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിക്കായി പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകാവുന്ന ഫണ്ട് സംബന്ധിച്ച് ഏകദേശധാരണ വരുത്തി ആയതിനനുസൃതമായി വകയിരുത്തൽ നടത്തുന്ന കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുമാണ്.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണച്ചുമതല 14 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 9 | 13,89,100 | 13,08,486 | 94.2 |
| 2 | വെറ്റിറിനറി സർജൻ | 6 | 5 | 39,87,400 | 24,37000 | 61.1 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 9 | 9 | 30,91,303 | 24,77,050 | 80 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 160000 | 160000 | 100 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 10,40000 | 10,40000 | 100 |
| 6 | ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 100000 | 40000 | 40 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 10 | 8 | 1,09,01,384 | 92,22,630 | 84.6 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 92,27,800 | 57,60878 | 62.43 |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 27,00000 | 15,11,135 | 55.96 |

| | | | | | | |
|---|---|---|---|---|---|---|
| 10 | സെക്രട്ടറി , ഗ്രാമപഞ്ചായത്ത് | 44 | 24 | 1,84,45,858 | 88,86,842 | 48.17 |
| 11 | ഹെഡ്മാസ്റ്റർ | 8 | 6 | 18,04,000 | 7,42,242 | 41 |
| 12 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 12 | 11 | 6,93,05,982 | 2,11,31,800 | 30.49 |
| 13 | അസിസ്റ്റന്റ് എൻജിനീയർ | 118 | 80 | 4,75,57,711 | 2,34,16,291 | 49.2 |
| 14 | അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 4,40000 | 2,48,500 | 56.47 |
| | ആകെ | 232 | 166 | 17,01,50,538 | 7,83,82,854 | 46.06 |

വാർഷികപദ്ധതി വിലയിരുത്തൽ

* കമ്പ്യൂട്ടറൈസേഷൻ മെച്ചപ്പെടുത്തി സേവനപ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യവുമാക്കുന്നതിനും ലക്ഷ്യമിട്ട് പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങുന്നതിനായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കി .

* പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനും തരംതിരിച്ച് സൂക്ഷിക്കുന്നതിനുമായി 15 ലക്ഷത്തിലധികം രൂപചെലവഴിച്ച് രണ്ട് എം.സി.എഫ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ മാലിന്യം ശേഖരിച്ചുവയ്ക്കുന്നതിന് വേണ്ടത്ര സ്ഥലസൗകര്യമില്ലാത്തതായിട്ടാണ് കാണുന്നത്.

*പ്രോജക്ട് പ്രകാരം ബെയ്‌ലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും എം.സി.എഫ് കെട്ടിടത്തിൽ പ്ലാസ്റ്റിക്കുകൾ നിറഞ്ഞിരിക്കുന്നതിനാൽ ഇവിടെ വാങ്ങിയ മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് സാധിച്ചിട്ടില്ല .

* കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണത്തിനായി ഭൂജലവകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക സ്ഥാപനത്തിന് കൈമാറിയെങ്കിലും പ്രവൃത്തി നടപ്പാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

* കെ.കെ.റോഡ് സൗന്ദര്യവൽക്കരണത്തിനായി ആവിഷ്കരിച്ച പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.

* അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 118 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 13 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 38 പ്രോജക്ടുകളും തൻവർഷം നടപ്പാക്കിയില്ല.

* വിവിധ വാർഡുകളിലെ അങ്കണവാടി കെട്ടിടങ്ങളുടെ മെയിന്റനൻസിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കി.

* ലൈഫ് ഭവനപദ്ധതിയ്ക്കുവേണ്ടി വിവിധ വിഭവസ്രോതസ്സുകളിൽനിന്നായി 1.84 കോടിയിലധികം രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

സർക്കാർഗ്രാന്റ് 1.31 കോടി രൂപ നഷ്ടമായി

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ വികസനഫണ്ട്, സംരക്ഷണ ഗ്രാന്റിനങ്ങളിലായി ലഭ്യമായ തുകയിൽ 87.2ലക്ഷം രൂപയും ചെലവഴിക്കാതെ നഷ്ടമായി. കൂടാതെ സ്പിൽഓവർ വിഹിതമായി ട്രഷറി അക്കൗണ്ടിലേക്ക് ലഭ്യമായ 59.97 ലക്ഷത്തിലധികം വരുന്ന സി.എഫ്.സി.ഗ്രാന്റ് തുകയിൽ 15.44 ലക്ഷം രൂപ മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്. ബാക്കി 44.53 ലക്ഷം രൂപയും നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷത്തെ വികസനപ്രവർത്തനങ്ങൾക്കായി ലഭിച്ച 1.31 കോടി രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും

വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെയും ഗ്രാമസഭകൾ സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 255 അയൽക്കൂട്ടങ്ങളിൽ 221 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 2022-23 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 783 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 92 പദ്ധതികളിൽ 35 എണ്ണം പൂർത്തീകരിച്ചു. തൻവർഷം 46697 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 688 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കിണർ റീചാർജ്ജ്, ഫലവൃക്ഷതൈകൾ വച്ചുപിടിപ്പിക്കൽ എന്നിവയാണ് പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകി തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2022-23 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 6382.50 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 20323998.00 |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 1041528.00 |
| ആകെ വരവ് | | 21371908.50 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 14779515.00 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1252628.00 |
| | സാധന വില, വാടക, ബാങ്ക് ചാർജ് | 4291855.00 |
| | ഭരണ ചെലവുകൾ | 1044798.00 |
| ആകെ ചെലവ് | | 21368796.00 |
| | നീക്കിയിരിപ്പ് | 3112.50 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം പാമ്പാടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7,680/- | 12 |
| വാർദ്ധക്യകാലപെൻഷൻ | 37,395,000/- | 3443 |
| കർഷകതൊഴിലാളി പെൻഷൻ | 2,872,100/- | 245 |
| വിധവാപെൻഷൻ | 11,718,600/- | 1042 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 461,800/- | 43 |
| വികലാംഗ പെൻഷൻ | 3,276,200/- | 293 |
| വിവാഹ ധനസഹായം | 120,000/- | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 11.09.2023 ന് 3.00 പി എം ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 43994/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് ഐ എൽ ജി എം എസ് മുഖേനയാണ്. ഐ എൽ ജി എം എസ് സ്കാൻ ചെയ്ത അനുബന്ധരേഖകൾക്ക് വ്യക്തത കുറവ് ഉണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്യൂട്ട് രജിസ്റ്ററിൽ എല്ലാ കേസുകളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിസ്പോസൽ, ഓരോ ഘട്ടങ്ങളിലെയും വിശദാംശങ്ങൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ചില പ്രോജക്ടുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/07/2022 | 07/2021 – 03/2022 | 25/10/2022 |
| അക്കൗണ്ടന്റ് ജനറലിന്റെഓഡിറ്റ് | 03/07/2017- 14/07/2017 | 2012-13 മുതൽ 2016-17 വരെ | LBA(HQ)II/8A-2650/17-18/151 തീയതി- 21/08/2017 |

## 1-11 ദേശസാൽകൃതബാങ്കിലെ പലിശരഹിത അക്കൗണ്ടിൽ കോടിക്കണക്കിനു രൂപ നീക്കിയിരിപ്പ്-പലിശയിനത്തിൽ പഞ്ചായത്തിന് വൻ സാമ്പത്തികനഷ്ടം

ഗ്രാമപഞ്ചായത്തിന്റെ തനതുവിഭവസ്രോതസ്സുകളിൽനിന്നുള്ള വരവ് ഓൺലൈനായും നേരിട്ടും ക്രഡിറ്റ് ചെയ്യപ്പെടുന്നതിന് എസ്.ബി.ഐ പാമ്പാടി ശാഖയിലും പാമ്പാടി സർവ്വീസ് സഹകരണബാങ്കിലുമായി രണ്ട് അക്കൗണ്ടുകളാണ് നിലവിലുള്ളത്. 2022-23 സാമ്പത്തികവർഷാരംഭത്തിലും സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും ഈ രണ്ട് അക്കൗണ്ടുകളിലുമായി 5 കോടിയിലധികം രൂപ നീക്കിയിരിപ്പുള്ളതായി വാർഷിക ധനകാര്യപത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | അക്കൗണ്ട്തരം | 1-4-22-ലെ മുന്നിരിപ്പ് | 31-3-23-ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| എസ്ബിഐ പാമ്പാടി | കറന്റ് അക്കൗണ്ട് | 3,06,44,682/- | 3,25,81,814/- |

| | | | |
|---|---|---|---|
| ശാഖ- | | | |
| എസ്.സി.ബി ലിമിറ്റഡ് നം-2276 | സേവിംഗ്സ് അക്കൗണ്ട് | 1,96,71,786/- | 2,49,62,039/- |
| ആകെ | | 5,03,16,468/- | 5,75,43,853/- |

മേൽ അക്കൗണ്ടുകളിൽ എസ്.ബി.ഐ യിലേത് പലിശരഹിത അക്കൗണ്ടാണ്. പ്രസ്തുത അക്കൗണ്ടിൽ ഓഡിറ്റ് വർഷം മൂന്ന് കോടിയിലധികം രൂപയാണ് ഉണ്ടായിരുന്നത്. കറന്റ് അക്കൗണ്ടായതിനാൽ പലിശയിനത്തിൽ ലക്ഷക്കണക്കിന് രൂപയാണ് പഞ്ചായത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. രണ്ട് അക്കൗണ്ടുകളിലുമായി 31-3-23-ല നീക്കിയിരിപ്പ് തുക 5.75 കോടിയിലധികമായിരുന്നു. ഇതിൽനിന്നും 1 കോടി രൂപ സ്ഥിരനിക്ഷേപമാക്കിയാൽപ്പോലും ശരാശരി 8% സാധാരണപലിശനിരക്ക് കണക്കാക്കിയാൽത്തന്നെ ഒരു വർഷത്തേക്ക് മാത്രം 8 ലക്ഷം രൂപ പലിശയിനത്തിൽ ലഭിക്കുന്നതാണ്. പഞ്ചായത്തിന് നിലവിലുള്ള സ്ഥിരനിക്ഷേപത്തുക പലിശയുൾപ്പെടെ ഓഡിറ്റ് വർഷം 5,037,317/-രൂപയാണുള്ളത്. ആയത് 2014-15 ന മുൻപുണ്ടായിരുന്ന നിക്ഷേപ തുകയ്ക്ക് ഓരോവർഷവും പലിശയിനത്തിൽ ക്രഡിറ്റ് ചെയ്യപ്പെടുന്ന തുകകൂടി ഉൾപ്പെട്ടതാണ്. ഇപ്രകാരം പലിശമാത്രം കൂട്ടിച്ചേർത്ത് നിക്ഷേപം പുതുക്കിപ്പോരുന്നതായിട്ടാണ് കാണുന്നത്. മുതലിനത്തിൽ നാളിതുവരെ അധിക നിക്ഷേപം നടത്തിയിട്ടില്ലായെന്നും കാണുന്നു.

അതാത് വർഷം വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാത്ത സാഹചര്യത്തിൽ ഓരോ സാമ്പത്തികവർഷാന്ത്യത്തിലും കറന്റ് അക്കൗണ്ടിൽ മിച്ചം നിൽക്കുന്ന തുകയിൽനിന്നും ഒരുനിശ്ചിത തുക സ്ഥിരനിക്ഷേപമാക്കുകയും ബാക്കിതുക അതാത് വർഷം തന്നെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും ചെയ്യുന്നത് പഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കുന്നതാണ്. അടിയന്തിരപ്രാധാന്യത്തോടെ ചർച്ചചെയ്യുന്നതിനും തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-12 നൽകി മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ബാങ്ക് അക്കൗണ്ടുകളുടെ മാർച്ച് 2023 മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ താഴെപ്പറയും പ്രകാരം നിലനിൽക്കുന്നതായി കാണുന്നു.

| ബാങ്ക് അക്കൗണ്ട് | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| തനത് ഫണ്ട്<br>പാമ്പാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. 831 (2276) | 52871 | 04.08.22 | 2200 |
| “ | 51672 | 24.05.22 | 3236 |
| “ | 36015 | 19.05.21 | 1146 |
| “ | 36897 | 31.03.21 | 1000 |
| “ | 45097 | 30.11.21 | 800 |
| “ | 37723 | 29.04.21 | 1281 |
| “ | 35570 | 12.08.21 | 1100 |

| | | | |
|---|---|---|---|
| “ | 36007 | 18.05.21 | 3689 |
| “ | 522679 | 25.11.22 | 720 |

മേൽ ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റി കൃത്യമാക്കേണ്ടതാണ്.

## 1-13 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികുതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67382807341 എന്ന എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നതെന്ന് പരിശോധനയിൽ കാണുന്നു. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/15.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കേണ്ട തുക മറ്റൊരു അക്കൗണ്ടിൽ കുറെ ദിവസം കിടക്കുന്നത് ആശാസ്യമല്ല. ഇപ്രകാരം തുക ലഭ്യമാകുന്നതിനുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഒരേ കെട്ടിടത്തിലെ മുറികൾക്ക്/സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം (നികുതിയിളവ് ഇല്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), തൃതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയർ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ തന്നെ ഒരേ കെട്ടിടത്തിലെ വിവിധ മുറികളെ/സമീപകെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | മേഖല |
|---|---|---|
| മനോഹരൻ ടി പി | 4/42 A | പ്രഥമം |
| | 4/42 B | ദ്വിതീയം |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/21.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും ഇപ്രകാരം വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് വിവരമറിയിക്കേണ്ടതുമാണ്.

## 1-15 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസ്സസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി

നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 55 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (55 രൂപ/ ച.മീ) | നിർണ്ണയിച്ച അടിസ്ഥാന നികുതി (40 രൂപ/ ച.മീ) | അടിസ്ഥാന വസ്തു നികുതിയിലെ കുറവ് |
|---|---|---|---|---|---|
| ജോൺ പേഴമറ്റം | 6/335 D- 27.95 6/335 E- 16.92 6/335 F- 21.95 6/335 G- 16.92 6/335 H- 17.42 6/335 I- 17.42 6/335 J- 17.42 6/335 K- 5.76 6/335 A- 28.35 6/335 B- 28.38 6/335 C- 27.52 | 226.01 | 12431 | 9040 | 3391 |

ഇപ്രകാരം ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/16.09.23) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പാമ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | മൊബൈൽ ടവറിന്റെ വിശദാംശങ്ങൾ | വിസ്തീർണ്ണം (ച.മീ) | നാളിതു വരെയുള്ള കുടിശ്ശിക (രൂപ) |
|---|---|---|---|
| 1 | 14/521 B- റിലയൻസ് ജിയോ ഇൻഫോ കമ്മ്യൂണിക്കേഷൻ | 25.7 | 30451 (2021-22 സാമ്പത്തിക വർഷം മുതൽ) |
| 2 | 19/561 A- റിലയൻസ് ഇൻഡ്യ | 22 | 54225 (2020-21 സാമ്പത്തിക വർഷം മുതൽ) |
| 3 | 16/754/A- | 24.25 | 37682 (2021-22 സാമ്പത്തിക വർഷം മുതൽ) |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/11.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത മൊബൈൽ ടവറുകളുടെ വസ്തു നികുതി പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-17 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചതിനാൽ വരുമാനനഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ '5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20% നികുതി വർദ്ധനവ്), 1.5 മീറ്ററിൽ കുറവ് വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്)' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. എന്നാൽ പാമ്പാടി ഗ്രാമ പഞ്ചായത്തിലിലെ 5/11/B നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ലായെന്ന് കാണുന്നു.

| കെട്ടിട നം/ ഉടമയുടെ പേര് | വിസ്തീർണ്ണം/ ഉപയോഗക്രമം | സഞ്ചയപ്രകാരം കെട്ടിടത്തിന് സമീപമുള്ള റോഡ് | പ്ലാൻ പ്രകാരം റോഡ് |
|---|---|---|---|
| 5/11 B- ജില്ല ജേക്കബ് | 108.29ച.മീ / വാണിജ്യാവശ്യം | കെ.കെ റോഡ്- 1.5 മീറ്ററിൽ കൂടുതൽ | കെ.കെ റോഡ്- 5 മീറ്ററിൽ കൂടുതൽ |

വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/16.09.23) അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. റോഡിന്റെ

അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തി നികുതി പുന:നിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ വഴികളെയും ഉൾപ്പെടുത്തി റോഡ് മാസ്റ്റർ വിപുലീകരിക്കേണ്ടതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, പാമ്പാടി | 1 |
| 2 | എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം, പാമ്പാടി | 1 |
| 3 | എ.എസ്.എ.പി കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, പാമ്പാടി | 1 |
| 4 | ചെന്നാട്ട് ഇൻഡസ്ട്രീസ് | 1 |
| 5 | പുറക്കൽ മോട്ടോഴ്സ് | 1 |
| 6 | ഹോട്ടൽ സംഗം | 1 |
| 7 | ബെസ്റ്റ് ബേക്കേഴ്സ് | 1 |
| 8 | അലൻ ആന്റ് ഹാർബർ | 1 |
| 9 | കോനാട്ട് ഡിജി സ്മാർട്ട് | 1 |
| 10 | കെ.എൽ.എം ആക്സിവ ഫിൻവെസ്റ്റ് ലിമിറ്റഡ് | 2 |
| 11 | പ്രോമിസ് ഹോം ഗാലക്സി | 2 |
| 12 | ജി ടെക് കമ്പ്യൂട്ടർ | 1 |
| 13 | കോൺകോർഡ് റൈഡ് | 1 |
| 14 | കേള ചന്ദ്ര മോൾഡിംഗ് | 1 |
| 15 | റിലയന്റ് ക്രെഡിറ്റേഴ്സ് | 1 |
| 16 | ശ്രീ മുരുഗ ലക്കി സെന്റർ | 1 |
| 17 | പെർഫെക്ട് കോളേജ് പാമ്പാടി | 1 |

വിശദീകരണം ലഭ്യമാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/16.09.23) പരാമർശിത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-19 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പാമ്പാടി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | അദ്ധ്യാപക അർബൻ കോപ്പറേറ്റീവ് ബാങ്ക്, പാമ്പാടി | 1,2 |

| | | |
|---|---|---|
| 2 | എസ്.ബി.ഐ, പാമ്പാടി ടൗൺ | 1,2 |
| 3 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, പാമ്പാടി | 1,2 |
| 4 | വെള്ളൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 1,2 |
| 5 | പാമ്പാടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്- മെയിൻ ബ്രാഞ്ച് | 1,2 |
| 6 | പാമ്പാടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്- പാമ്പാടി ബ്രാഞ്ച് | 1,2 |
| 7 | പാമ്പാടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്- ഒറവയ്ക്കൽ ബ്രാഞ്ച് | 1,2 |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/16.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-20 പഞ്ചായത്തിന്റെ അധീനതയിലുള്ളതും വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ കെട്ടിടങ്ങളുടെ എണ്ണത്തിൽ കൃത്യതയില്ല

വാടക രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ മാർക്കറ്റ് കോംപ്ലക്സ് സ്റ്റാൾ, ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്, ബസ് സ്റ്റാന്റ് ഷോപ്പിംഗ് സ്റ്റാൾ, കാർഷിക വിപണന കേന്ദ്രം, മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ എന്നീ അഞ്ച് കെട്ടിടങ്ങളിലെ വിവിധ മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ അധീനതയിൽ വാടകയ്ക്ക് നൽകാവുന്ന കെട്ടിടങ്ങളുടെ എണ്ണം, ഓരോ കെട്ടിടത്തിലുമുള്ള ആകെ മുറികളുടെ എണ്ണം, വാടകയ്ക്ക് നൽകിയ മുറികളുടെ എണ്ണം, ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. മേൽ വിവരങ്ങൾ (കെട്ടിടമുറികളുടെ നമ്പർ ഉൾപ്പെടെ) ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/13.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിലെ ഏകദേശ കണക്ക് പ്രകാരം മാർക്കറ്റ് കോംപ്ലക്സ് സ്റ്റാൾ – 10, ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് – 41, ബസ് സ്റ്റാന്റ് ഷോപ്പിംഗ് സ്റ്റാൾ – 12, കാർഷിക വിപണന കേന്ദ്രം – 11, മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ – 10 എന്നിങ്ങനെയാണ് വാടകയ്ക്ക് നൽകിയ മുറികളുടെ എണ്ണം. പഞ്ചായത്തിന്റെ അധീനതയിൽ വാടകയ്ക്ക് നൽകാവുന്ന ആകെ മുറികളുടെ വിവരങ്ങൾ ഇല്ലാതെയാണ് ഓരോ വർഷവും വാടക ഡിമാന്റ് കണക്കാക്കുന്നത്. മേൽ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതും അപ്രകാരം വാടക ഡിമന്റ് ചെയ്യേണ്ടതുമാണ്.

## 1-21 മുൻ വർഷങ്ങളിലെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ വാടകയിനത്തിൽ വൻ തുക പിരിച്ചെടുക്കുവാനുണ്ട്. 2022-23 വർഷത്തിന് മുൻപുള്ള വർഷങ്ങളിലെ വാടക കുടിശിക ഇനത്തിൽ 361448/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുവാൻ അവശേഷിക്കുന്നു. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവിടങ്ങളിൽ നിന്നുമാണ് ഇത്രയും തുക വാടകയിനത്തിൽ ലഭിക്കാനുള്ളത്. വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ പേര് വിവരങ്ങൾ, കുടിശിക തുക, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കുത്തകക്കാരന്റെ പേര് | കാലയളവ് | കുടിശിക തുക |
|---|---|---|---|---|
| 1 | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് -1 | അമ്പിളി കെ ടി കരിയത്രികാവിൽ | 08/2019 മുതൽ 03/2022വരെ | 81648 |

| | | | | |
|---|---|---|---|---|
| 2 | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്- 27, 28, 29, 30 | സെക്രട്ടറി, ഹൗസിങ് കോപ്പറേറ്റീവ് സൊസൈറ്റി | 04/2019 മുതൽ 03/2022വരെ | 114566 |
| 3 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് - 13, 14 | കുരുവിള വർഗീസ് ചുഴുക്കുന്നേൽ | 12/2019 മുതൽ 03/2022വരെ | 25582 |
| 4 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -7 | തങ്കച്ചൻ വരിക്കപ്ലാക്കൽ | 04/2018 മുതൽ 03/2022വരെ | 23508 |
| 5 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -15,16 | കുരുവിള മാണി മല്ലക്കാട്ട് | 07/2018 മുതൽ 03/2022 വരെ | 44391 |
| 6 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -18 | ശേഖരൻ ചുക്കപറമ്പിൽ | 04/2018 മുതൽ 03/2022വരെ | 23508 |
| 7 | കാർഷിക വിപണന കേന്ദ്രം- 10 | ഇ എസ് കൃഷ്ണൻകുട്ടി | 2021-22 | 28562 |
| 8 | - | പ്രസാദ് | 2020-21 | 19683 |
| | | ആകെ | | 361448 |

വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നതിന് വിശദീകരണത്തിനും കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/13.09.2023) കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കരാർ പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിച്ച് കുടിശ്ശിക എത്രയും വേഗം ഈടാക്കി അറിയിക്കാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 2022-23 വർഷത്തെ വാടകയിനത്തിൽ 136382/-രൂപ ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും വിധം വാടക കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് / റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക മാസം | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | അമ്പിളി കെ റ്റി കരിയത്രക്കാവിൽ | മാർക്കറ്റ് കോംപ്ലക്സ് സ്റ്റാൾ/ 01 | 3475 | 4/2022 - 3/2023 | 41700 |
| 2 | വിനോദ് പി ആർ പുത്തൻപറമ്പിൽ | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് | 3350 | 7/2022 - 3/2023 | 30150 |

| | | | | | |
|---|---|---|---|---|---|
| | | / 09 | | | |
| 3 | സെക്രട്ടറി ഹൗസിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് / 27-30 | 4247 | 4/2022 - 3/2023 | 50964 |
| 4 | ജയ്മോൻ പി ആർ പാതേപ്പറമ്പിൽ | മാർക്കറ്റ് കോംപ്ലക്സ് സ്റ്റാൾ/ 09 | 640 | 4/2022 - 3/2023 | 7680-512 = 7168 |
| 5 | ജലജാ പ്രകാശ് പേഴമറ്റം | മാർക്കറ്റ് കോംപ്ലക്സ് സ്റ്റാൾ/ 11 | 640 | 6/2022 - 3/2023 | 6400 |
| | | ആകെ | | | 136382 |

വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/13.09.2023) കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വാടക കുടിശ്ശിക ഇനത്തിൽ തുക നിലനിൽക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാക്കുന്നതാണ്. തുക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1. 1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 56 പ്രകാരം ധാന്യങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 132 പ്രകാരം പാലും പാലുൽപ്പന്നങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. പാമ്പാടി ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ, ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ, ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

2. വസ്തു നികുതി നിർണ്ണയത്തിനായുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യ- വ്യവസായ, ഓഫീസ് ആവശ്യങ്ങൾക്കായി 2540 കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 679 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു.

മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നിലവിലും നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-24 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ

ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ 2022-23 വർഷം ഗൗരീശങ്കരം ആയുർവേദ വൈദ്യശാല, ശ്രീ പരമേശ്വര കളരി ആയുർവേദ തിരുമ്മുകേന്ദ്രം എന്നീ സ്ഥാപനങ്ങൾ ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/15.09.2023) മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നത് ചട്ടലംഘനവും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാക്കുന്നതുമാകയാൽ ഇത്തരം സ്ഥാപനങ്ങൾ വേറെയും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവയും ഉൾപ്പെടുത്തി ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 മരങ്ങൾ ലേലം ചെയ്യാതെ അവശേഷിക്കുന്നു

1. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 11.10.2022 ലെ 2/1-ാം നമ്പർ തീരുമാനപ്രകാരം ലൈഫ് ഭവന പദ്ധതിക്കായി വാങ്ങിയ സ്ഥലത്തെ മരങ്ങൾ ലേലം ചെയ്യുന്നതിൽ സമീപവാസികൾ കൈവശാവകാശം സംബന്ധിച്ച് തർക്കമുന്നയിച്ച് രണ്ട് മരങ്ങളുടെ ലേലം ഒഴിവാക്കിയിരുന്നു.

2. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25.11.2022 ലെ 6/1-ാം നമ്പർ തീരുമാനപ്രകാരം പൊതുശ്മശാനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ശ്മശാനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ മരങ്ങൾ വനംവകുപ്പിൽ നിന്നുള്ള വാല്യുവേഷൻ പ്രകാരം ലേലം നടത്തുന്നതിന് തീരുമാനിച്ചിരുന്നു.

ലേലം സംബന്ധിച്ച മേൽ തീരുമാനങ്ങളുടെ തുടർ നടപടിവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/16.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പരിശോധനയിൽ മരങ്ങളുടെ ലേലം നടത്തിയിട്ടില്ലാത്തതായി മനസ്സിലാക്കിയിട്ടുണ്ട്. ക്രമ നം. 1ൽ പ്രതിപാദിച്ചിരിക്കുന്ന രണ്ട് മരങ്ങളുടെ കൈവശാവകാശം നിർണ്ണയിക്കുന്നതിനും ക്രമ നം. 1, 2 എന്നിവയിൽ പറഞ്ഞിരിക്കുന്ന മരങ്ങളുടെ ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായില്ല

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ക്രെഡിറ്റ് ചെയ്യുന്നതിന് SBI പാമ്പാടി ബ്രാഞ്ചിൽ (അക്കൗണ്ട് നം 41505948219) ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിരുന്നു. മുൻ വർഷങ്ങളിലെ ഇ-ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും ആയത് തനത് ഫണ്ടിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ 2022-23ൽ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർഫീസ് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല. തുകയുടെ വിശദാംശങ്ങൾ അസി.എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമായില്ല. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/15.09.2023) തുക നാളിതുവരെ പഞ്ചായത്തിന്റെ ഇ-ടെണ്ടർ അക്കൗണ്ടിലേയ്ക്ക് ലഭിച്ചില്ലെന്ന് മറുപടി നൽകി. ഇ-ടെണ്ടർ ഫീസ് ലഭ്യമാകുവാനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-27 ടാപ്പുകളുടെ വാട്ടർ ചാർജ്-പ്രവർത്തിക്കാത്ത ടാപ്പുകളുടെ ഉൾപ്പടെ ഭീമമായ തുക ഒടുക്കുന്നു

2022-23 വർഷം പഞ്ചായത്ത് 105 എണ്ണം വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് ആകെ 20 ൽ താഴെ മാത്രം ടാപ്പുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത് എന്ന് പഞ്ചായത്ത് ഭരണസമിതിയിൽ മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല. ഭരണസമിതിയുടെ 24/02/2023 ലെ 3/1 അജണ്ട 09/03/2023 ലെ 4/1 അജണ്ട എന്നിവയിൽ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ നിശ്ചയിക്കാൻ തീരുമാനിച്ചെങ്കിലും നടപ്പായില്ല.

105 വാട്ടർ ടാപ്പുകളുടെ 4/2022 മുതൽ 01/2023 വരെ പ്രതിമാസം 50,645/- രൂപയാണ് ഒടുക്കിയത്. എന്നാൽ 01/02/2023 പ്രാബല്യത്തിൽ വാട്ടർ ചാർജ് മൂന്ന് മടങ്ങോളം വർദ്ധിപ്പിച്ചതിനാൽ 02/2023 മുതൽ 1.5 ലക്ഷത്തിലധികം രൂപ പ്രതിമാസം ഒടുക്കേണ്ട അവസ്ഥയിലാണ്. 2022-23 വർഷം ആകെ 811,877/- രൂപയാണ് വാട്ടർ ചാർജായി ഒടുക്കിയത്. 20 ൽ താഴെ ടാപ്പുകൾ പ്രവർത്തനക്ഷമമായ സ്ഥാനത്ത് 105 ടാപ്പുകളുടെ ചാർജ് ഒടുക്കേണ്ടി വരുന്നത് പൊതുജനങ്ങൾക്ക് സേവനം ലഭ്യമാകാതെയുള്ള തനത് ഫണ്ട് ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.21/2022-23/16.09.2023) നൽകിയതിന് സംയുക്ത പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കേണ്ടതും അധിക വാട്ടർ ചാർജ് ഒഴിവാക്കേണ്ടതുമാണ്. സംയുക്ത പരിശോധന റിപ്പോർട്ട്, പുതുക്കി നിശ്ചയിച്ച വാട്ടർ ചാർജ്(മാസം) എന്നിവയുടെ പകർപ്പ് ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ നൽകേണ്ടതാണ്.

1-28 വൈദ്യുതചാർജ് കുടിശ്ശിക ആർ. ആർ നടപടികൾക്ക് വിധേയമായി പിഴപലിശ സഹിതം അടവാക്കി

| | |
|---|---|
| ഫയൽ നമ്പർ | 400504/GARC12 /GPO/2022/3729 തീയതി 14-03-2023 |
| പേമെന്റ് ഓർഡർ നം. /തീയതി | 62240050401143 /28-03-2023 |
| പേമെന്റ് വൗച്ചർ നം. | 22201150/29-03-2023 |
| ചെക്ക് നമ്പർ | 68759/24-03-2023 |
| ചെലവ് | 18,677/- |

പാമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വ്യവസായ താരിഫിൽ എടുത്തിരുന്ന 1156356017973 നമ്പർ കൺസ്യൂമർ നമ്പറിന്റെ 5-6-13 മുതൽ 23-1-14 വരെയുള്ള കാലയളവിലെ 9 ബില്ലുകൾ കുടിശ്ശികയായതിനെ തുടർന്ന് കെ.എസ്.ഇ.ബി മീറ്റർ അഴിച്ചെടുക്കുകയും റവന്യൂ റിക്കവറി നടപടികൾ ശുപാർശ ചെയ്യുകയും പ്രസ്തുത വിവരം കെ.എസ്.ബി.രേഖാമൂലം പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തിരുന്നു. കുടിശ്ശിക തുക 6650 രൂപയും, 10,980/-രൂപ പിഴപ്പലിശയും, ഇതരഫീസുകളും ഉൾപ്പെടെ ആകെ അടവാക്കേണ്ട 18,677/-രൂപ അടവാക്കാനാവശ്യപ്പെട്ട് പാമ്പാടി വില്ലേജ് ഓഫീസറുടെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ തനതുഫണ്ടിൽനിന്നും തുക അടവാക്കുന്നതിന് 21-3-23-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും ചെയ്തു. (അജണ്ട- 9 തീരുമാനം- 1). തുടർന്ന് തുക

അടവാക്കുകയും ചെയ്തു.

പ്രസ്തുത വൈദ്യുത കണക്ഷന്റെ മേൽ കാലയളവിലെ ബിൽതുക കുടിശ്ശിക വന്നതും കുടിശ്ശിക തുക ഏകദേശം 10 വർഷത്തോളം അടവാക്കാതെ വന്ന സാഹചര്യവും വ്യക്തമാക്കുവാനും ഇതുമായി ബന്ധപ്പെട്ട് മുൻപ് കെ.എസ്.ഇ.ബി ബിൽതുക ഡിമാന്റ് ചെയ്തിരുന്നതിന്റെ രേഖകൾ, ജപ്തി നടപടികൾ സംബന്ധിച്ച് പഞ്ചായത്തിൽ ലഭ്യമായ രേഖകൾ എന്നിവ ലഭ്യമാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നമ്പർ - 19/15-9-23) ലഭ്യമാക്കിയ മറുപടിയും രേഖകളും പരിശോധിച്ചതിൽ ടി കണക്ഷൻ അങ്ങാടി വയൽ ഭാഗത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കെട്ടിടനിർമ്മാണം നടത്തുന്നതിനുവേണ്ടി എടുത്തതായിരുന്നുവെന്ന് വ്യക്തമായി. എന്നാൽ പ്രസ്തുത കണക്ഷന്റെ കൺസ്യൂമർ നമ്പർ പഞ്ചായത്തിലെ കറന്റ് ചാർജ് രജിസ്റ്ററിൽ ഉൾപ്പെട്ടിരുന്നില്ല എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി കൺസ്യൂമർ നമ്പറിന്റെ ടി കാലയളവിലെ കുടിശ്ശിക ആർ. ആർ നടപടികൾ സ്വീകരിക്കുന്നതിനുമുൻപ് കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്തിരുന്നതാണോ എന്ന കാര്യം ഫയലിൽ നിന്നും വ്യക്തമല്ല.

പാമ്പാടി വില്ലേജ് ഓഫീസിൽ 25/03/2023 ലെ KL05031902565/2023 നം. രസീത് പ്രകാരമാണ് റവന്യൂ റിക്കവറിയായി ഡിമാന്റ് ചെയ്ത വൈദ്യുതി ചാർജ് കുടിശിക അടവാക്കിയത്. 2013-14 വർഷത്തെ താത്കാലിക വൈദ്യുത കണക്ഷന്റെ വൈദ്യുതി ചാർജ് 9 വർഷങ്ങൾക്ക് ശേഷം 2022-23 ൽ 10,980/-രൂപ പിഴപ്പലിശയുൾപ്പടെ ഒടുക്കേണ്ടി വന്നത് പഞ്ചായത്ത് കണ്ടിജന്റ് സ്രോതസ്സ് വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലെ പിഴവാണ് വ്യക്തമാക്കുന്നത്. പഞ്ചായത്ത് കണ്ടിജന്റ് ചെലവ് സ്രോതസ്സ് വിവരങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതും പിഴപ്പലിശ ഒടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഈ കണ്ടിജന്റ് ചെലവ് വിഷയം ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 കാർഷികമേഖലയുടെ പുരോഗതിക്കായി ലഭ്യമായ 3.5 ലക്ഷത്തോളം രൂപ മൂല്യം വരുന്ന ലാബ് ഉപകരണങ്ങൾ സംരക്ഷിക്കപ്പെടാത്ത നിലയിൽ

കാർഷികമേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്താണ് പാമ്പാടി ഗ്രാമപഞ്ചായത്ത്. ജനങ്ങളിൽ ഏറിയപങ്കും കൃഷി ഉപജീവനമാക്കിയിട്ടുള്ളവരാണ്. കാർഷികമേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ വാർഷികപദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിപ്പോരുന്നുമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പാമ്പാടി കൃഷി ഭവനിൽ 2016-17 സാമ്പത്തികവർഷം കൃഷിവകുപ്പ് അനുവദിച്ച് നൽകിയതും കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്നതുമായ പ്ലാന്റ് ഹെൽത്ത് ക്ലിനിക് (കീടരോഗനിർണ്ണയ ക്ലിനിക്) സ്ഥലപരിമിതിമൂലം കൃഷി ഭവനോട് ചേർന്ന് പണിയാതെ എഗ്രേഡ് പച്ചക്കറിമാർക്കറ്റിന്റെ അകത്തെ റൂമിലാണ് ആരംഭിച്ചതെന്നും ഇപ്പോൾ മാർക്കറ്റിന്റെ റൂമിൽ മേൽക്കൂര നശിച്ച് മഴവെള്ളം വീണ് ഉള്ളിലുള്ള 3.5ലക്ഷം രൂപയോളം വിലവരുന്ന മെഷീനറികൾ നശിക്കുവാനും തുടങ്ങിയെന്നും പരിഹാരനടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചുകൊണ്ട് കൃഷിഓഫീസർ ഗ്രാമപഞ്ചായത്തിന് നൽകിയ കത്ത് 06.01.23, 02.02.23 തീയതിയിലെ സ്റ്റിയറിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുള്ളതായി ബന്ധപ്പെട്ട മിനിറ്റ്സ് രേഖകളിൽ നിന്നും വ്യക്തമാകുന്നു. പ്രസ്തുത ഹെൽത്ത്





ക്ലിനിക്കിന്റെ സുഗമമായ പ്രവർത്തനത്തിനും, സേവനം കർഷകർക്ക് നന്നായി പ്രയോജനപ്പെടുത്തുന്നതിനും ക്ലിനിക് കൃഷിഭവനോട് ചേർന്ന്തന്നെ പ്രവർത്തിക്കേണ്ടതായിട്ടുണ്ടെന്നും, സ്ഥലപരിമിതിമൂലം ക്ലിനിക്കിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നില്ലാത്ത സാഹചര്യമാണെന്നും ആയതിനാൽ കൃഷി ഭവനോട്



ചേർന്ന് പഞ്ചായത്ത് കൊമേഴ്സ്യൽ കെട്ടിടത്തിലുള്ള ഓഫീസ് മുറികൾ ഓഫീസ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമാംവിധം അറ്റകുറ്റപ്പണി നടത്തി ക്രോപ്പ് ഹെൽത്ത് ക്ലിനിക്കിന്റെ പ്രവർത്തനത്തിനായി അനുവദിക്കണമെന്നും കത്തിൽ വ്യക്തമാക്കിയിട്ടുള്ളത് കമ്മിറ്റി ചർച്ചചെയ്യുകയും ക്ലിനിക്ക് പരിശോധിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.




എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് കൃഷി ഓഫീസറുടെ കത്ത് സ്റ്റിയറിംഗ് കമ്മിറ്റി ചർച്ചചെയ്തെങ്കിലും ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാലാണ് പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടായതെന്നും വിഷയം പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. കാർഷികമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും കർഷകർക്ക് പ്രയോജനപ്പെടുന്നതിനും വിലപിടിപ്പുള്ള ലാബ് ഉപകരണങ്ങൾ നശിച്ചുപോകാതെ സംരക്ഷിക്കപ്പെടേണ്ടതാണ്. കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ അവ സജ്ജമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള യുക്തമായ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 സാംസ്കാരിക നിലയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 9-ാം വാർഡ് കുമ്പന്താനം സാംസ്കാരിക നിലയം, 15-ാം വാർഡ് സാംസ്കാരിക നിലയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ 2022-23 വർഷം അസി.എഞ്ചിനീയർ നിർവ്വഹിച്ചു. എന്നാൽ നിർമ്മിതിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി 18/09/23 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു.




| പ്രോജക്ട് നം / പ്രോജക്ട് | തുക (രൂപ) | പ്രോജക്ട് പ്രകാരം നിർവ്വഹിച്ച പ്രവൃത്തികൾ | പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ |
|---|---|---|---|
| 17/23, കുമ്പന്താനം | 49400 (സി എഫ് സി ) | കെട്ടിട നിർമ്മാണ പ്രവൃത്തികൾ , | 8/09/23 ൽ നടത്തിയ പ്രാദേശിക |

| | | | |
|---|---|---|---|
| സാംസ്കാരിക നിലയം പൂർത്തീകരണം | (ബിൽ നം – 290/16-02-23) 434840 (തനത് ഫണ്ട്) (ചെക്ക് നം – 714954 /21-02-23) | വൈദ്യുതീകരണം പ്രോജക്ടിൽ നിർവ്വഹിച്ചു. | പരിശോധനയിൽ ഇലക്ട്രിക്ക് കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ നൽകിയിട്ടില്ലാത്തതായി കണ്ടു. സംരക്ഷണ ഭിത്തി നിർമ്മിക്കുവാനും തുടർ പ്രോജക്ട് ആവിഷ്കരിക്കേണ്ടതുണ്ട്. |
| 35/23 , 15-ാം വാർഡ് സാംസ്കാരിക നിലയം പൂർത്തീകരണം | 673383 (സി എഫ് സി) (ബിൽ നം – 07/21-05-22-123530 രൂപ , ബിൽ നം – 462/29-03-23-549853 രൂപ ) | 15/03/22 ൽ ശ്രീ . മനുപ് മാത്യു എന്ന കരാറുകാരനുമായി കരാറിലേർപ്പെട്ടു. രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം 673383 രൂപ കരാറുകാരന് നൽകി. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരന്റെ വീഴ്ച പരാമർശിച്ചുകൊണ്ടും പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ടും 19/06/23 ന് അസി.എഞ്ചിനീയർ കത്ത് നൽകി. കെട്ടിടത്തിന്റെ ഫ്രെയിം വർക്ക്, മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരന്റെ അനാസ്ഥ മൂലം തുടർ പ്രവൃത്തികൾ നിലച്ചിരിക്കുന്ന അവസ്ഥയിലാണ്. | തറ നിർമ്മാണം , വൈദ്യുതീകരണം , പ്ലമ്പിംഗ്, പെയിന്റിംഗ് എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. കരാറുകാരൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഫൈനൽ ബില്ലിൽ നിന്നും കാലതാമസത്തിനുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. |

പൂർത്തീകരണത്തിനായി തുടർ വർഷങ്ങളിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (40/18.09.23) പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതാണ് എന്ന മറുപടി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടങ്ങൾ ഉപയുക്തമാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-31 കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ-അവധി അക്കൗണ്ട് സൂക്ഷിക്കുന്നില്ല

കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് പണമാക്കി നൽകുന്നതിന് ആധികാരിക

രേഖയായ അവധി അക്കൗണ്ട് സൂക്ഷിക്കുന്നില്ല. 2022-23 വർഷം കരാർ ജീവനക്കാരുടെ ആർജ്ജിതാവധി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരൻ തസ്തിക | അവധികളുടെ എണ്ണം | സറണ്ടർ തുക | വൗച്ചർ നം./ തീയതി |
|---|---|---|---|
| അനിത തങ്കപ്പൻ പ്രോജക്ട് അസിസ്റ്റന്റ് | 15 | 11,145/- | 22201170/ 30.03.2023 |
| സുനിൽ കെ. വർഗീസ് ടെക്നിക്കൽ അസിസ്റ്റന്റ് | 30 | 30,995/- | 22201171/ 30.03.2023 |
| ആകെ | 45 | 42,140/- | |

മേൽ കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് സൂക്ഷിച്ച് അവധി വിവരങ്ങൾ ക്യാരി ഓവർ ചെയ്യുന്നില്ല. മുൻവർഷം അവധി സറണ്ടർ ചെയ്തില്ല എന്ന് രേഖപ്പെടുത്തിയാണ് 30 അവധികൾ സറണ്ടർ ചെയ്ത് പണമാക്കി നൽകിയത്. അവധി അക്കൗണ്ട് സൂക്ഷിച്ച് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കാതെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.24/2022-23/16.09.2023) നൽകിയതിന് കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണ് എന്ന് മറുപടി നൽകി.

കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അവധികൾ ആർജ്ജിക്കുന്നതും അവധി എടുക്കുന്നതും സറണ്ടർ ചെയ്യുന്നതും കൃത്യമായി കാലികമാക്കേണ്ടതാണ്. മേൽപട്ടികയിലെ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് രേഖകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ നൽകേണ്ടതാണ്.

## 1-32 കെ.കെ.റോഡ് സൗന്ദര്യവൽക്കരണം- ഭാഗികമായി മാത്രം പ്രവൃത്തി നടപ്പാക്കി-പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 245/23കെ.കെ.റോഡ് സൗന്ദര്യവൽക്കരണം |
| അടങ്കൽ | 200000 (തനതുഫണ്ട്) |
| ചെലവ് | 39000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാനദേശീയപാതയായ കെ.കെ.റോഡ് പരിസരം വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിലേക്കായി ദേശീയപാത അധികാരികളുടെ അനുമതിയോടെ, പുല്ല് വെട്ടി വൃത്തിയാക്കിയും പൂച്ചെടികൾ വച്ചുപിടിപ്പിച്ച് ഭംഗിയാക്കിയും സൂക്ഷിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചതാണ് പ്രോജക്ട്. ഇല്ലിവളവ് ജംഗ്ഷൻ മുതൽ ചേന്നംപള്ളി ജംഗ്ഷൻവരെ റോഡ്സൈഡ് വൃത്തിയായി സംരക്ഷിക്കുന്നതിനായി മേൽ പ്രവൃത്തികൾ നടപ്പാക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി ദേശീയപാത അധികൃതരുടെ അനുമതി നൽകുകയും ചെയ്തതിരുന്നു. പ്രോജക്ട് സംബന്ധിച്ച് പഞ്ചായത്ത് ജനറൽകമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രോജക്ട് നിർവ്വഹണം ചർച്ചചെയ്ത് തീരുമാനിക്കുന്നതിനായി മാത്രം 19-1-22, 14-2-23, 11-4-23 തീയതികളിൽ പ്രത്യേകയോഗം നടന്നിട്ടുള്ളതായും ഈ വിഷയത്തിൽ വിശദമായ ചർച്ചകളും നടന്നിട്ടുള്ളതായും കാണുന്നു .












പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയും പുല്ലുചെത്തി വൃത്തിയാക്കുന്ന പ്രവൃത്തിക്ക് വെള്ളൂർ കാർഷികസന്നദ്ധ സമിതി സമർപ്പിച്ച കിലോമീറ്ററിന് 5200/-രൂപ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. 31-1-23-ലെ 1(4) നമ്പർ തീരുമാനം. 7.5 കി.മി. നീളത്തിൽ പ്രവൃത്തി നടപ്പാക്കിയ ഇനത്തിൽ സ്ഥാപനത്തിന് 39000/-രൂപ നൽകിയിട്ടുമുണ്ട് . തുടർന്ന് ചെടികൾ വച്ചുപിടിപ്പിക്കുന്ന പ്രവൃത്തിക്ക് ലഭിച്ച ക്വട്ടേഷനുകളിൽ ശ്രീ. സനീഷ് മോഹൻ, മുണ്ടിയാക്കൽ, മീനടം എന്നയാളുടെ ക്വട്ടേഷൻ 9-3-23-ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു (അജണ്ട- 1/3) . നട്ടുപിടിപ്പിച്ച ചെടികളുടെ ഇനവും വിലയും ഉൾപ്പെടുന്ന ലിസ്റ്റ് സഹിതം കരാറുകാരൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 67000/-രൂപ ചെക്ക് നമ്പർ 715063/10.07.23 പ്രകാരം തുടർ വർഷം ടിയാൾക്ക് അനുവദിച്ചിട്ടുമുണ്ട്. അപേക്ഷയിൽ പഞ്ചായത്ത് ഓഫീസിന്റെ മുൻവശം, ആലാംപള്ളി ജംഗ്ഷൻ, കാളചന്ത ബസ്റ്റോപ്പ്




എന്നീ സ്ഥലങ്ങളിൽ ചെടികൾ നട്ടുപിടിപ്പിച്ചതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് ഓഫീസിന്റെ മുൻവശത്തും കാളച്ചന്ത ബസ്റ്റോപ്പിലും സ്ഥലപരിശോധന നടത്തിയതിൽ ലിസ്റ്റ് പ്രകാരമുള്ള വിലകൂടിയ മിക്ക ചെടികളും ഇവിടെ കണ്ടില്ല. മാത്രമല്ല നട്ടിട്ടുള്ള ചെടികളുടെ തരവും എണ്ണവും കണക്കാക്കിയാൽ 67000/-രൂപ മൂല്യം ഉള്ളതായും കാണുന്നില്ല. കരാറുകാരൻ ഹാജരാക്കിയ ചെടികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.




GREEN GARDENS
PUTHUPPALLY, PH : 9447293526

32

Date:

| Sl.No. | Particulars | Qty | Amount Rs. | P. |
|---|---|---|---|---|
| | [illegible] | 30 | 2700 | |
| | [illegible] | 17 | 1360 | |
| | [illegible] | 10 | 1500 | |
| | [illegible] | 1 | 200 | |
| | [illegible] | 32 | 3200 | |




സ്ഥലപരിശോധനയിൽ കണ്ട ചെടികൾ

അംഗീകാരം കിട്ടിയ പ്രോജക്ട് ടെൻഡർ നടപടികളെല്ലാം പൂർത്തീകരിച്ചിട്ടും, ഭാഗികമായി മാത്രം നടപ്പാക്കി തുക ചെലവഴിച്ചതിനുശേഷം പ്രധാന ഇനമായ ചെടികൾ വച്ചുപിടിപ്പിക്കുന്ന തുടർപ്രവർത്തനങ്ങൾ നടപ്പാക്കാത്തതിന്റെ കാരണം ഫയലിൽ വ്യക്തമാക്കിയിട്ടുമില്ല. 2023-24 സാമ്പത്തികവർഷം ഇതേ ലക്ഷ്യത്തിനായി 5,00000/-വകയിരുത്തി പുതിയതായി പ്രോജക്ട് ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചിട്ടുമുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ പദ്ധതി നടപ്പാക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.







പ്രോജക്ടിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന ചെടികളുടെ തുടർപരിപാലനവും, സംരക്ഷണവും എപ്രകാരം നടത്തപ്പെടും എന്നത് സംബന്ധിച്ച് പ്രോജക്ടിൽ വിശദീകരിച്ചിട്ടില്ല. ആയതിനാൽത്തന്നെ തുടർസംരക്ഷണത്തിനുള്ള ചെലവ് എങ്ങനെ വഹിക്കുമെന്നതിന്റെ വിവരവും വ്യക്തമല്ല. ഇത് പ്രോജക്ടിന്റെ ആസൂത്രണ/രൂപീകരണ പ്രവർത്തനങ്ങളിലെ വീഴ്ചയാണ്.

മേൽ അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിനും പ്രോജക്ടിന്റെ നിലവിലെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം- 13/14-9-23) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ പുല്ലുവെട്ടുന്ന പ്രവൃത്തി നടപ്പാക്കിയതിനു ശേഷം കടുത്ത വേനൽ ആയതിനാലാണ് ചെടി നട്ടുപിടിപ്പിക്കുന്ന പ്രവൃത്തി നടപ്പാക്കാൻ താമസിച്ചതെന്നും ഒന്നാം ഘട്ടമായി പഞ്ചായത്തിന്റെ മുന്നിലും ആലാംപള്ളി ജംഗഷനിലും കാളച്ചന്തയിലും ചെടികൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു. അടുത്ത ഘട്ടത്തിൽ ഇല്ലിവളവ് ജംഗ്ഷൻ മുതൽ ചെടി വച്ചുപിടിപ്പിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുള്ളതായും നട്ടുപിടിപ്പിക്കുന്ന ചെടികളുടെ തുടർ പരിപാലനം നടത്തുന്നതിന് ആളെ നിയമിക്കുന്ന കാര്യം സ്റ്റിയിംറിഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

പ്രോജക്ടിൽ ചെടികൾ നട്ടുപിടിപ്പിക്കുന്ന പ്രവൃത്തി കൂടാതെ അവയുടെ തുടർപരിപാലനം, സംരക്ഷണം, അനിവാര്യവും നിയമാനുസൃതവുമായ തുടർചെലവുകൾ എന്നീ ഘടകങ്ങളും ഉൾപ്പെടുത്തി പ്രോജക്ട് ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടികളുണ്ടാകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ചെടികൾ നട്ടുപിടിപ്പിക്കുന്നതുൾപ്പെടെ തുടർന്നുള്ള പ്രധാനപ്പെട്ട പ്രോജക്ട് പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതും, സാമ്പത്തികചെലവ് കുറയ്ക്കുന്നതിന് വിലകൂടിയ ചെടികൾക്കുവേണ്ടിവരുന്ന തുകയും ചെടികളുടെ

പരിപാലനം/സംരക്ഷണചെലവുകളും സ്പോൺസർഷിപ്പിലൂടെയും, സൗജന്യമായും ലഭ്യമാകാനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കണ്ടെത്താവുന്നതാണ്. മേൽപ്രവർത്തനങ്ങൾ നടപ്പിലാക്കി പ്രോജക്ടിന്റെ ഭാഗമായി ഇതിനോടകം നടത്തിയ ചെലവും നാളിതുവരെയുള്ള പ്രവർത്തനങ്ങളും പാഴാകാതിരിക്കുന്നതിനും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുമുള്ള നടപടികളുണ്ടാകേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നീ നിയമാനുസൃത സംവിധാനങ്ങളുടെ ഇടപെടലും പ്രവർത്തനങ്ങളും ഇക്കാര്യത്തിലുണ്ടാകണമെന്നും അഭിപ്രായപ്പെടുന്നു.

## 1-33 ബെയിലിംഗ് മെഷീൻ പ്രവർത്തനയോഗ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 14/22-23 - എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ |
| ചെലവ് | 590000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ – പാമ്പാടി |
| ബിൽ വിശദാംശങ്ങൾ | 398/24.03.23 , 590000 രൂപ ( എ.സി.ആർ ) |

പ്രസ്തുത പദ്ധതി പ്രകാരം എം.സി.എഫി ലേക്ക് ബെയിലിംഗ് മെഷീൻ എത്തിച്ച് നൽകുന്നതിനായി ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ എന്ന സ്ഥാപനത്തിന് 590000 രൂപ (അക്കൗണ്ട് നം 23033200210005) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മെഷീൻ ലഭ്യമായതിന്റെയോ പ്രവർത്തന ക്ഷമമായതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രാദേശിക പരിശോധനയിൽ മെഷീൻ കാണാൻ സാധിച്ചില്ല. MCF കെട്ടിടത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിച്ചിരിക്കുന്നതിന്റെ അടിയിലായി മെഷീൻ ഉണ്ടെന്ന് അറിയിച്ചെങ്കിലും മെഷീൻ കാണാനായില്ല. മാത്രമല്ല ബന്ധപ്പെട്ട ഫയലിൽ മെഷീൻ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ഉണ്ടായിരുന്നില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/16.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 590000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബെയിലിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കേണ്ടതും രേഖകൾ സഹിതം വിവരമറിയിക്കേണ്ടതുമാണ്.

## 1-34 ലൈഫ് മിഷൻ വായ്പ-8.2 ലക്ഷം രൂപ ചെലവഴിക്കാതെ ദീർഘകാലം ബാങ്കിൽ സൂക്ഷിക്കുന്നു

2022-23 വർഷം കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 75.2 ലക്ഷം രൂപ വായ്പയെടുത്തിട്ടുണ്ട്. എന്നാൽ വിവിധ പ്രോജക്ടുകളിലൂടെ 67.4 രൂപ മാത്രമാണ് ചെലവഴിച്ചത്. വായ്പ തുക കാനറ ബാങ്ക് 110044261555 നം. അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. തൻവർഷം എടുത്ത വായ്പയുടെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ എടുത്ത തീയതി, തുക | ചെലവ് പ്രോജക്ട് നം., തുക |
|---|---|
| 09/05/2022 – 43.8 ലക്ഷം<br>28/06/2022 – 9.6 ലക്ഷം<br>16/08/2022 – 4.2 ലക്ഷം<br>22/09/2022 – 11.2 ലക്ഷം<br>17/10/2022 – 1.6 ലക്ഷം<br>31/10/2022 –4.8 ലക്ഷം | 96/23 – 15.4 ലക്ഷം<br>97/23 – 51.6 ലക്ഷം |
| ആകെ - 75.2 ലക്ഷം | ആകെ - 67 ലക്ഷം |

തൻവർഷം 10/2022 മാസം വരെ ലഭിച്ച ലോൺ തുകയിൽ 8.2 ലക്ഷം രൂപ അഞ്ച് മാസങ്ങൾക്ക് ശേഷം 03/2023 ലും തുടർ സാമ്പത്തിക വർഷവും ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വായ്പ തുക നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിൽ പലിശയുൾപ്പടെ 855,177/- രൂപ 31/03/2023 ൽ നീക്കിയിരിപ്പുണ്ട്. ചെലവ് വരുന്നതിന് അനുസൃതമായല്ലാതെ നൽകുന്ന വായ്പ തുക മാസങ്ങളോളം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി സർക്കാരിന് പലിശ ബാധ്യത വരുത്തുന്ന സാഹചര്യമുണ്ടാക്കുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23 /12.09.2023) നൽകിയതിന് മറുപടിയിൽ കരാറിലേർപ്പെട്ട ലൈഫ് ഗുണഭോക്താക്കൾ യഥാസമയം ഭവനനിർമ്മാണം പൂർത്തിയാക്കാതെ വന്നതിനാലാണ് വായ്പ തുക ചെലവഴിക്കാൻ സാധിക്കാതെ വന്നത് എന്നാണ് അറിയിച്ചത്. വായ്പയെടുത്തതിനുശേഷം ഗഡുക്കൾ വിതരണം ചെയ്യാൻ സാധിക്കാത്തതുമൂലം ബാങ്ക് അക്കൗണ്ടിൽ വായ്പതുക നീക്കിയിരുപ്പ് വരുന്നതുമൂലം 8.2 ലക്ഷം രൂപയ്ക്ക് സർക്കാരിനുണ്ടാകുന്ന അനാവശ്യ പലിശ ബാധ്യത ഒഴിവാക്കാൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

1-35 ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ജി-ബിൻ വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത

| | |
|---|---|
| പ്രോജക്ട് | ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ ജി-ബിൻ വിതരണം (129/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (പാമ്പാടി സൗത്ത്) |
| അടങ്കൽ | 11.18 ലക്ഷം(10 ലക്ഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 1.18 ലക്ഷം ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 10 ലക്ഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Bill No.393/24-03-2023 |
| നിർവ്വഹണ ഏജൻസി | E-Nadu Yuvajana Sahakarana Sangam, Veliyannoor(P.O.),Kottayam-686634. |

പാമ്പാടി ഗ്രാമപഞ്ചായത്തിൽ 259 ജി-ബിൻ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷന്റെ 15/12/2022 ലെ 2025/TS-254/2022/DSM/KTM നമ്പരായി സാങ്കേതിക അനുമതി ലഭിച്ചു. ഇ-ടെന്റർ പ്രകാരം നിശ്ചയിച്ച ഏജൻസി 22/03/2023 ലെ A00021 നം. പ്രകാരം 259 എണ്ണം ജി-ബിന്നും ഇനോക്കുലവും ഉൾപ്പെടെ 1,112,405/- രൂപയുടെ (നിരക്ക് 4,295/- രൂപ) GST ഇൻവോയ്സ് ലഭ്യമാക്കിയതിന് 10 ലക്ഷം രൂപ മാത്രമാണ് അടവാക്കിയത്. ഗുണഭോക്തൃ വിഹിതമായുള്ള 112,405/- രൂപ ഏജൻസിയിൽ അടവാക്കിയിട്ടില്ല. എത്ര ഗുണഭോക്താക്കളാണ് വിഹിതം ഒടുക്കിയത് എന്നതിന്റെ കണക്കും ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 57,001/- രൂപ മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ ഗുണഭോക്തൃ വിഹിതം അവശേഷിക്കുന്നത്. ടി തുക ഈ പ്രോജക്ടിന് ലഭിച്ചതാണോ എന്നതിനും വ്യക്തതയില്ല.

പ്രോജക്ട് തുക അടവാക്കിയതിലെയും ജി- ബിൻ ലഭ്യമായോ എന്നതിലും രേഖാമൂലം വിശദീകരണവും വ്യക്തതയും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.22/2022-23/16.09.2023) നൽകിയതിന് 259 ബിന്നുകൾ ലഭ്യമായി എന്നും 2022-23 വർഷം 150 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം 64,500/- രൂപയും 2023-24 വർഷം 69 ഗുണഭോക്താക്കളുടെ 29,670/- രൂപയും ഉൾപ്പടെ 94,170/- രൂപ ലഭിച്ചതായും ആകെ 219 ഗുണഭോക്താക്കൾക്ക് ബിൻ വിതരണം ചെയ്തതായും അറിയിച്ചു. ബിന്നുകൾ വിതരണം ചെയ്ത സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കി. ശേഷിക്കുന്ന 40 ബിന്നുകൾ ഗുണഭോക്തൃ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുമെന്നും ഏജൻസിക്ക് നൽകാനുള്ള തുക മുഴുവൻ ഗുണഭോക്തൃ വിഹിതവും ലഭ്യമായ ശേഷം ഒടുക്കുമെന്നും മറുപടിയിൽ അറിയിച്ചു. 2022-23 വർഷം ലഭിച്ച ഗുണഭോക്തൃ വിഹിതം 31/03/2023 ലെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നില്ല

എന്നതിനാൽ കൃത്യമായ ഗുണഭോക്തൃ വിഹിത കണക്കുകൾ പഞ്ചായത്തിന് നൽകി കണക്കുകളിലെ അപാകത പരിഹരിക്കേണ്ടതാണ്.
ഗുണഭോക്തൃ വിഹിതം തുക നിർവ്വഹണ ഏജൻസിയിൽ അടവാക്കി വാങ്ങൽ ഇടപാട് പൂർത്തിയാക്കേണ്ടതാണ്. നിർവ്വഹണ ഏജൻസിയിൽ നിന്നുള്ള പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് പൂർത്തിയാകുന്നതുവരെ വിതരണം ചെയ്യാൻ അവശേഷിക്കുന്ന 40 ബിന്നുകളുടെ വില 171,800/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം. | 130/22-23 |
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 2000 (എസ് സി പി) + 200000 (തനത് ഫണ്ട്) = 220000 |
| ചെലവ് | 2000 (എസ് സി പി) + 132064 (തനത് ഫണ്ട്) = 152064/- |
| ബിൽ നം., തീയതി | 4/22-23, 12.01.2023 |
| വൗച്ചർ നം. | 284/22-23, 23.01.23 |

മേൽ പദ്ധതി പ്രകാരം 4 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. 2021-22 വർഷത്തിന്റെ സ്പിൽ ഓവർ പ്രോജക്ട് ആയിട്ടാണ് ഇത് നടപ്പാക്കിയിട്ടുള്ളത്. മേൽ വിദ്യാർത്ഥികളിൽ അക്ഷയ് പ്രസീദ്, ചങ്ങംമതയിൽ എന്ന വിദ്യാർത്ഥി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്ന സമയത്ത് (2021-22 ൽ) ഡിഗ്രി മൂന്നാംവർഷ വിദ്യാർത്ഥിയായിരുന്നു. പദ്ധതി നടപ്പാക്കിയ 2022-23 വർഷം ടിയാൾ കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളതാണ്. പഠനാവശ്യത്തിന് ലാപ് ടോപ്പ് നൽകുന്നതിന് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിയെ തെരഞ്ഞെടുത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/13.09.2023) മേൽ ഗുണഭോക്താവ് ബിരുദം പൂർത്തിയാക്കിയതിന് ശേഷം 3D അനിമേഷനിൽ 2022-23 വർഷം ഡിപ്ലോമ ചെയ്യുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലാപ്ടോപ്പ് ലഭിച്ച മറ്റ് 3 ഗുണഭോക്താക്കളിൽ 2 പേർ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ ബിരുദം രണ്ടാം വർഷം വിദ്യാർത്ഥികളായിരുന്നു. 2022-23 മാർച്ച് മാസമാണ് ടിയാളുകൾക്ക് ലാപ്ടോപ്പ് നൽകിയിട്ടുള്ളത്. ലാപ്ടോപ്പ് ലഭിക്കുന്നത് ടിയാളുകൾ ബിരുദം പൂർത്തീകരിക്കുന്ന സമയത്തായതിനാൽ പഠനാവശ്യത്തിന് ഉപകരിക്കാത്ത അവസ്ഥയുണ്ടാകുന്നു. ലാപ്ടോപ്പ് നൽകുന്നത് പഠനാവശ്യത്തിനായതിനാൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് ടിയാളുകളുടെ കോഴ്സ് കാലാവധി കൂടി പരിഗണിച്ച് മുൻഗണനാക്രമം തയ്യാറാക്കേണ്ടതും ഏതെങ്കിലും കാരണവശാൽ പഠനകാലയളവിൽ നൽകാൻ കഴിയാതെ വന്നാൽ ഗുണഭോക്തൃലിസ്റ്റിൽ ടിയാളിനു താഴെയുള്ളവരെ പരിഗണിക്കേണ്ടതുമാണ്.

## 1-37 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 206/22-23 |
| പ്രോജക്ടിന്റെ പേര് | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 100000 (തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് | 28050 (തനത് ഫണ്ട്) |
| ബിൽ നം., തീയതി | 5054407301220018/26.03.2023 |

മേൽ പദ്ധതി പ്രകാരം 4 പേർക്ക് ഹയർസെക്കന്ററി തുല്യതാ പരീക്ഷയ്ക്കുള്ള പരിശീലനത്തിനും 5 പേർക്ക് പത്താംക്ലാസ് തുല്യതാ പരീക്ഷയ്ക്കുള്ള പരിശീലനത്തിനും ഉള്ള തുക കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്. പരിശീലനം നേടിയവർ പരീക്ഷയിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/13.09.2023) മേൽ ലിസ്റ്റിലുള്ള 9 പേരും തുല്യതാ പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും പഠന ക്ലാസിൽ പങ്കെടുത്തിട്ടുള്ളതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഹയർസെക്കന്ററി തുല്യതാ പരീക്ഷയ്ക്കുള്ള പരിശീലനം ലഭിച്ച 4 പേരിൽ 2 പേർ മാത്രമാണ് പരീക്ഷ എഴുതിയിട്ടുള്ളത്. പത്താംക്ലാസ് തുല്യതാ പരീക്ഷയ്ക്കുള്ള പരിശീലനം ലഭിച്ച 5 പേരും പരീക്ഷ എഴുതിയിട്ടില്ല. തുല്യതാ കോഴ്സ് രജിസ്റ്റർ ചെയ്യുന്ന പഠിതാവിന് 3 വർഷത്തിനുള്ളിൽ പരീക്ഷ എഴുതാവുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം തുക നൽകുന്നത് എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ്. എന്നാൽ പേര് രജിസ്റ്റർ ചെയ്ത് തുക ചെലവാക്കിയതിനുശേഷം പരീക്ഷ എഴുതാതിരിക്കുന്നതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചതായി കണക്കാക്കുവാൻ കഴിയില്ല. പ്രോജക്ട് വിഭാവനം ചെയ്തതുപോലെ ലക്ഷ്യം കൈവരിക്കുന്നതിന് തുടർ നിരീക്ഷണങ്ങൾ നടത്തേണ്ടതാണ്.

## 1-38 ജൈവമാലിന്യ ഉപാധികൾ വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 86/22-23 - അംഗനവാടികൾക്ക് ജൈവ മാലിന്യ ഉപാധികളുടെ വിതരണം |
| ചെലവ് | 50000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ – പാമ്പാടി |
| ബിൽ വിശദാംശങ്ങൾ | 25/17.06.22, 50000 രൂപ (എ.സി.ആർ ) |

പ്രസ്തുത പദ്ധതി പ്രകാരം അംഗനവാടികൾക്ക് ജൈവമാലിന്യ ഉപാധികൾ എത്തിച്ചു നൽകുന്നതിനായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന് 50000 രൂപ (അക്കൗണ്ട് നം 853110100007885) നൽകിയിട്ടുണ്ട്. എന്നാൽ ഇവ ലഭ്യമായതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/16.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല തുക കൈമാറിയതിന്റെ UTR വിശദാശങ്ങൾ, കൈപ്പറ്റ് രസീത്, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായുള്ള കരാർ എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 എം സി എഫ് - മാലിന്യ പരിപാലനം ഉറപ്പുവരുത്തുക

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി എം സി എഫ് നിർമ്മാണത്തിനായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നം/ പ്രോജക്ട് | തുക |
|---|---|
| 45/23, എം സി എഫ് നിർമ്മാണം | 518800 (സി എഫ് സി)<br>(ബിൽ നം -47/07-07-22 ) |

| | |
|---|---|
| | 1027070 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെക്ക് നം . 522678/24-11-2022 – 864523<br>ചെക്ക് നം . 522678/24-11-2022 – 84366 |
| ആകെ | 1545870 രൂപ |

പാമ്പാടി കർഷക ഓപ്പൺ മാർക്കറ്റിനു സമീപം പഞ്ചായത്ത് വസ്തുവിൽ ഷെഡ് 1, ഷെഡ് 2 എന്നീ കെട്ടിടങ്ങൾ തരം തിരിച്ച മാലിന്യം സൂക്ഷിക്കുന്നതിനായി 2022-23 ൽ സ്പിൽ ഓവർ പ്രോജക്ട് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലപരിമിതി മൂലം രണ്ട് കെട്ടിടങ്ങളായി നിർമ്മാണം നടത്താനും ഒരു കെട്ടിടത്തിന്റെ വിസ്തീർണ്ണം കുറയ്ക്കാനും 20.03.2022 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. ഷെഡ് 1 ൽ ഹാളിന് പുറമേ ഡ്രസ്സിംഗ് റൂം, ഓഫീസ് റൂം, രണ്ട് ടോയ്‌ലറ്റുകൾ എന്നിവയും ഷെഡ് 2 ൽ ഹാളും ആണ് നിർമ്മിച്ചത്. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നില്ല. 16/09/23 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിട നിർമ്മാണം എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെന്ന് കണ്ടു. എന്നാൽ വേർതിരിച്ച മാലിന്യങ്ങളും ലെഗസി വേസ്റ്റും നീക്കം ചെയ്യാതെ എം സി എഫിന്റെ രണ്ട് കെട്ടിടങ്ങളും പരിസരവും നിറഞ്ഞ് കിടക്കുന്ന അവസ്ഥയിലാണ്.




പരിശോധനയ്ക്കായി കെട്ടിടത്തിനുള്ളിലേയ്ക്ക് പ്രവേശിക്കാൻ നിലവിൽ സാധ്യമായില്ല. വെള്ളം, വൈദ്യുതി കണക്ഷൻ കെട്ടിടങ്ങളിൽ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. വേർതിരിച്ച മാലിന്യം നീക്കം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും വെള്ളം, വൈദ്യുതി കണക്ഷൻ കെട്ടിടങ്ങളിൽ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം നൽകേണ്ടതുമാണ്.

## 1-40 ഭവന നിർമ്മാണ പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 82/22-23 – ഭവന നിർമ്മാണം ജനറൽ |
| ചെലവ് | 40000 (തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ – പാമ്പാടി |

മേൽ പ്രകാരം ശ്രീമതി കുഞ്ഞുമോൾ, ചീനിക്കടുപ്പിൽ,( W/o സി.കെ രാജു, വാർഡ്-9) എന്ന വ്യക്തിയ്ക്ക് ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് 40000 രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവിന് മഹാത്മ ഗാന്ധി ഭവന നിർമ്മാണ പദ്ധതി 2016-17 പ്രകാരം 06.06.2017 തീയതി 20000 രൂപയും 08.01.2018 തീയതി 60000 രൂപയും 14.03.2018 തീയതി 60000 രൂപയും നൽകിയതായി മഹാത്മ ഗാന്ധി ഭവന നിർമ്മാണ പദ്ധതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. 2016-17 ലെ മഹാത്മ ഗാന്ധി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന പ്രസ്തുത ഗുണഭോക്താവിന് തൻവർഷം ധനസഹായം നൽകിയതിന്റെ സാഹചര്യം വ്യക്തമല്ല. മാത്രമല്ല സുലേഖ ചെലവ് രേഖകൾ പ്രകാരം 'മറ്റുള്ളവ' എന്ന ഗണത്തിലാണ് പ്രസ്തുത പദ്ധതിയുടെ ചെലവ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് (അക്കൗണ്ട് നം 67382807341, ചെക്ക് നം 522660, വൗച്ചർ നം 22200618 തീയതി 28.10.2022) പ്രസ്തുത വ്യക്തിക്ക് ധന സഹായം നൽകിയിരിക്കുന്നത്. പരാമർശിത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/18.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭവന നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-41 നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശമില്ല-കാലഹരണപ്പെടുന്നത് മുതൽക്കൂട്ടുന്നതിന് സംവിധാനമില്ല

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 8,351,728/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശത്തിൽ പ്രോജക്റ്റ്/പ്രവൃത്തിയുടെ ഉദ്ദേശ്യം, പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. പല നിക്ഷേപങ്ങളും ഒടുക്കിയ അതോറിറ്റിയുടെ വിവരവും ചേർക്കുന്നില്ല. 2022-23 വർഷത്തെ ഡെപ്പോസിറ്റ് കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2022-23 വർഷം തിരികെ നൽകിയ 14.28 ലക്ഷം രൂപയുടെ നിക്ഷേപത്തിന്റെ വിവരവും കൃത്യമായി രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നതിനാൽ റോഡ് കട്ടിങ് ഡെപ്പോസിറ്റായി നിലനിൽക്കുന്ന 43.89 ലക്ഷം രൂപ പഞ്ചായത്തിന്റെ വരുമാനമാക്കി ക്രമീകരിക്കേണ്ടതായിരുന്നോ എന്നതിലും വ്യക്തതയില്ല. വാടക നിക്ഷേപമായി 31.85 ലക്ഷം രൂപ നിലനിൽക്കുന്നത് ഏതെല്ലാം കുത്തകക്കാരുടേതാണ് എന്നത് ഷോപ്പിങ് കോംപ്ലെക്സ് കെട്ടിടം തിരിച്ചുള്ള ഡേറ്റയും ലഭ്യമാക്കിയിട്ടില്ല. കൃത്യമായ രേഖകളും കണക്കുകളും സൂക്ഷിച്ചിരുന്നെങ്കിൽ വാടക നിക്ഷേപം ഒഴികെയുള്ളവ കാലഹരണപ്പെട്ടാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു. വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടാനും സാധിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ) പ്രകാരം സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് കണക്കുകൾ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ മേൽവിവരിച്ച അപാകതകൾക്കും അതേത്തുടർന്ന് കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടാൻ സാധിക്കാത്ത അവസ്ഥക്കും സെക്രട്ടറി രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10/2022-23/14.09.2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശത്തോടെ തയ്യാറാക്കേണ്ടതാണ്. വാടക നിക്ഷേപം ഒഴികെയുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഭരണസമിതിയുടെ അനുമതിയോടെ പഞ്ചായത്ത്

ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വാടക നിക്ഷേപ കണക്കുകൾ ഓരോ വർഷവും കുത്തകക്കാരുടെ കുത്തകമുറികളുടെ ക്രമത്തിൽത്തന്നെ ഒരോ വർഷവും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ പരിഹാര നടപടികൾ എല്ലാം പൂർത്തിയാക്കി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

## 1-42 നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം സൂക്ഷിക്കുന്നതിലും ക്രമീകരണത്തിലും അപാകതകൾ

പഞ്ചായത്തിന്റെ 2022-23 അഡ്വാൻസ് രജിസ്റ്റർ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരിക്കുന്ന തുകകളുടെ വിശദാംശങ്ങളായ പ്രോജക്റ്റ്, പ്രവൃത്തി ഇനം, നിക്ഷേപിച്ച വർഷം, തുക തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും ക്യാരി ഓവർ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തുകകൾ മാത്രം മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു. നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം ക്യാരി ഓവർ ചെയ്ത് തൻവർഷ കണക്കുകളുടെ വിശദാംശം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരുന്നത് 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(3)(എ) യുടെ ലംഘനവുമാണ്. 2022-23 വാർഷിക കണക്കുകൾ പ്രകാരം വിവിധ ഏജൻസികളിൽ നിലനിൽക്കുന്ന നിക്ഷേപങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് (01/04 /2022) | തൻവർഷ നിക്ഷേപം | ക്രമീകരിച്ച തുക | നീക്കിയിരിപ്പ് (31/03/2023) |
|---|---|---|---|---|---|
| 1. | കേരള വാട്ടർ അതോറിറ്റി | 3,500,000/- | ഇല്ല | ഇല്ല | 3,500,000/- |
| 2. | കെ.എസ്.ഇ.ബി. | 6,514,968/- | 7,448/- | 7,448/- | 6,514,968/- |
| 3. | ഭൂജല വകുപ്പ് | 3,424,300/- | 2,687,100/- | 1,796,670/- | 4,314,730/- |
| 4. | അക്രഡിറ്റഡ് ഏജൻസി | 2,707,500/- | ഇല്ല | 2,607,500/- | 100,000/- |
| | ആകെ നിക്ഷേപം | 16,146,768/- | 2,694,548/- | 4,411,618/- | 14,429,698/- |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.1/2022-23/11.09.2023) ലഭ്യമാക്കിയ മറുപടിയിൽ ക്രമീകരിക്കപ്പെട്ട പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി. ഡെപ്പോസിറ്റ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി നൽകിയെങ്കിലും മുന്നിരിപ്പ് വിശദാംശങ്ങൾ പൂർണ്ണമല്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധിച്ചതിൽ നിന്നും ക്രമീകരണത്തിൽ അപാകതകൾ ഉള്ളതായി കാണുന്നു.

അക്രഡിറ്റഡ് ഏജൻസികളിലെ നിക്ഷേപം വാർഷിക കണക്കുകൾ പ്രകാരം ക്രമീകരിക്കപ്പെട്ട 2,607,500/- രൂപയിൽ നാഷണൽ ഹെൽത്ത് മിഷൻ നടപ്പാക്കിയ പ്രോജക്റ്റ് നം.177/22 പ്രകാരം 1,117,500/- രൂപയും മൈനർ ഇറിഗേഷനിൽ പ്രോജക്റ്റ് നം.260/18 പ്രകാരം നിക്ഷേപിച്ച 1,490,000/- രൂപയുമാണ്. എന്നാൽ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിനിയോഗ സാക്ഷ്യപത്രത്തിൽ 1,490,000/- രൂപയിൽ 1,440,385/- രൂപ ചെലവഴിച്ച് 49,615/- രൂപ അവശേഷിക്കുന്നതായി കാണുന്നു. അവശേഷിക്കുന്ന 49,615/- രൂപ തിരികെ ഈടാക്കാതെ മുഴുവൻ തുകയും ജേർണൽ ചെയ്ത് ക്രമീകരിക്കുകയാണ് ചെയ്തത്. മൈനർ ഇറിഗേഷനിൽ ചെലവഴിക്കാതെയുള്ള 49,615/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾ സർക്കാർ ഫണ്ടുപയോഗിച്ചാണോ ചെയ്തത് എന്ന് പരിശോധിച്ച് തിരികെ ലഭിക്കുന്ന തുക യഥാവിധി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

ഭൂജല വകുപ്പിൽ നിക്ഷേപം മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്യാത്തതിനാൽ ഭൂജല വകുപ്പിൽ നിക്ഷേപിച്ച തുകയിൽ ക്രമീകരിച്ച 1,796,670/- അഡ്വാൻസ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്തിട്ടില്ല.

| വിനിയോഗ സാക്ഷ്യപത്രം | നിക്ഷേപം | ക്രമീകരിച്ചത് | തിരികെ ഈടാക്കേണ്ടത് |
|---|---|---|---|
| GWK/1296 /2017/04.01.2023(225/18) | 499,895/- | 431,540/- | 68,355/- |
| GWK/1296 /2017/04.01.2023(217/20) | 1,100,000/- | 1,060,620/- | 39,380/- |
| GWK/90/2022(C)/20.12.2022 | 108,000/- | 75,100/- | 32,900/- |
| GWK/588/2019/03.03.2023 | 150,000/- | 144,120/- | 5,880/- |
| GWK/1296/2017/04.01.2023 | 100,000/- | 85,290/- | 14,710/- |
| ആകെ | 1,957,895/- | 1,796,670/- | 161,225/- |

വിനിയോഗ സാക്ഷ്യപത്രങ്ങളിൽ ബാലൻസ് തുക റീഫണ്ട് ഇനത്തിൽ ഭൂജല വകുപ്പിൽ നിന്നും 161,225/- രൂപ ലഭിക്കേണ്ട സ്ഥാനത്ത് 186,310/- രൂപ ലഭിച്ചു. വിനിയോഗ സാക്ഷ്യപത്ര പ്രകാരം തിരികെ ലഭിച്ച തുകയുടെ കൃത്യത ഉറപ്പാക്കി ടി തുക സർക്കാരിലേക്ക് ഒടുക്കേണ്ടതും നിക്ഷേപത്തിൽ ആനുപാതികമായ ക്രമീകരണം നടത്തേണ്ടതുമാണ്. 2022-23 ഡെപ്പോസിറ്റ് രജിസ്റ്ററിലെ ഓരോ നിക്ഷേപങ്ങളുടെയും മുന്നിരിപ്പ് വിശദാംശവും ക്രമീകരണവും കൃത്യമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി രജിസ്റ്ററിലെ പേജിന്റെ പകർപ്പ് ഉൾപ്പടെ വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

കൂടാതെ 09/03/2023 ലെ സ.ഉ.(കൈ) നം.38/2023/ധന ഉത്തരവിൽ നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 31/03/2023 ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്ന 14,429,698/- രൂപയുടെ നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

## 1-43 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിലും ക്രമീകരണത്തിലും അവ്യക്തത

പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം വ്യക്തമാക്കുന്ന എ.സി.ആർ. പൂർണ്ണമായും തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയില്ല. വാർഷിക കണക്കുകൾ പ്രകാരം ബ്ലോക്ക്-ജില്ല കോൺട്രിബ്യൂഷനുകൾ, ഗുണഭോക്തൃ വിഹിതം എന്നിവയുടെ വിനിമയം വാർഷിക പദ്ധതി പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ച് ഇടപാടുകൾ ആധികാരികമാക്കി സൂക്ഷിക്കാതിരിക്കുന്നതും ഗ്രാന്റ് ചെലവഴിക്കാതെ ബാധ്യത ഒഴിവാക്കുന്നതും 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)ബിയുടെ വ്യക്തമായ ലംഘനമാണ്. അപാകതകൾക്കും ആധികാരികമായി എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2022-23/14.09.2023) നൽകിയതിന് മറുപടിയായി എ.സി.ആർ. സാക്ഷ്യപ്പെടുത്തി ഹാജരാക്കി. എന്നാൽ താഴെ പറയുന്ന അപാകതകൾ തുടരുന്നതായി കാണുന്നു.

<u>ഗുണഭോക്തൃ വിഹിതം</u> ഗുണഭോക്തൃ വിഹിതമിനത്തിൽ മുന്നിരിപ്പുണ്ടായിരുന്ന 521,886/- രൂപ 31/03/2023 ലെ 42201398 നം. ജേർണൽ വൗച്ചറിലൂടെ ക്രമീകരിച്ച് ബാധ്യത ഒഴിവാക്കി. ടി ഗുണഭോക്തൃ വിഹിതം ഏതിനത്തിലുള്ളതാണ് എന്ന് എ.സി.ആർ.-ൽ ചേർക്കാത്തതിനാൽ വ്യക്തമല്ല. തുക മുൻവർഷങ്ങളിൽ ചെലവഴിച്ചതിനാലാണ് ബാധ്യത ഒഴിവാക്കിയത് എന്നാണ് പഞ്ചായത്ത് മറുപടിയിൽ അറിയിച്ചത്. എന്നാൽ മുന്നിരിപ്പ് വിശദാംശമില്ലാതെയും മുൻവർഷങ്ങളിൽ വാർഷിക പദ്ധതിയിൽ ചെലവഴിച്ചത് ഉറപ്പാക്കി സാക്ഷ്യപ്പെടുത്താതെയും ബാധ്യത ഒഴിവാക്കിയത് ആധികാരികമല്ല. ആയതിനാൽ ക്രമീകരിക്കപ്പെട്ട ഗുണഭോക്തൃ വിഹിതം മുൻവർഷങ്ങളിൽ ഏതെല്ലാം പ്രോജക്ടുകൾക്ക് ചെലവഴിച്ചതാണ് എന്ന് കണ്ടെത്തി വിവരം സാക്ഷ്യപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ജില്ല-ബ്ലോക്ക് വിഹിതങ്ങൾ</u> ബ്ലോക്ക് പഞ്ചായത്ത് വിഹിതം(ക്യാപ്പിറ്റൽ) ഫണ്ടായി 5 ലക്ഷം രൂപ 31/03/2023 ലെ 42201395 നം. ജേർണൽ വൗച്ചറിലൂടെ ക്രമീകരിച്ചത് ഉൾപ്പെടെ ജില്ല-ബ്ലോക്ക്

വിഹിതങ്ങൾ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നത് 1,410,159/- രൂപയാണ്. 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം എന്നാൽ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ജോയിന്റ് വെൻചർ ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പ് ഇല്ല. ജില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ മുൻവർഷങ്ങളിൽ ചെലവഴിച്ചത് ബാധ്യത ഒഴിവാക്കാൻ വിട്ടുപോയതാണ് എന്നും ജേർണൽ വൗച്ചറിലൂടെ ഉൾപ്പെടുത്തിയ 5 ലക്ഷം രൂപ ഗ്രാന്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലഭിച്ചത് തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലാണ് എന്നുമാണ് മറുപടി നൽകിയത്. പഞ്ചായത്ത് ഫണ്ടിലുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2023-24 വർഷം തന്നെ ചെലവഴിക്കേണ്ടതാണ്. അവശേഷിക്കുന്ന ഗ്രാന്റ് തുക മുൻവർഷങ്ങളിൽ ചെലവഴിച്ചത് ബാധ്യത ഒഴിവാക്കാൻ വിട്ടുപോയതാണോ എന്ന് വ്യക്തത വരുത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം സാക്ഷ്യപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശം കണ്ടെത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്

അസി.എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ പാമ്പാടി ശാഖയിലെ അക്കൗണ്ട് നം 67053193491 യിൽ 31.03.23 ന് 150127 രൂപ നീക്കിയിരിപ്പുണ്ട്. ആയതിൽ 102766 രൂപ സർക്കാറിലേയ്ക്ക് അടവാക്കേണ്ട വിവിധ നികുതി വിഹിതങ്ങളാണ്. അവശേഷിക്കുന്ന 47361 രൂപ മുൻവർഷത്തിലെ നീക്കിയിരിപ്പ് തുകയാണെന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറി നം. (15/15.09.23)ന് നൽകിയത്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-45 കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 2022-23 ൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കും പ്രകാരം പൂർത്തീകരിക്കുവാനുണ്ട്.

| ക്രമ നം | പ്രോജക്ട് നം / പ്രോജക്ട് | തുക (രൂപ) | ഫണ്ടിനം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 44/23, കുമ്പന്താനം കുടിവെള്ള പദ്ധതി (വാർഡ് 9) | 100000 (ചെക്ക് നം – 714969/ 10.03.23) | തനത് ഫണ്ട് | വാട്ടർ ടാങ്ക് Frame, വാട്ടർ ടാങ്ക്, പമ്പിംഗ് മെയിൻ സ്ഥാപിക്കൽ എന്നിവ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ, വൈദ്യുതീകരണം എന്നിവ കൂടി പൂർത്തീകരിക്കുവാനുണ്ട്. |
| 2 | 36/23 , പള്ളിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (വാർഡ് 17) | 8,72,709 (ബിൽ നം – 370/21-03-23) | ധനകാര്യ കമ്മീഷൻ അവാർഡ് | HDPE പമ്പിംഗ് മെയിൻ തൻവർഷം സ്ഥാപിച്ചിട്ടുണ്ട്. മോട്ടോർ സ്ഥാപിക്കൽ, മോട്ടോർ ഷെഡ് നിർമ്മാണം, വിതരണ പൈപ്പുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിക്കുവാനുണ്ട്. പ്രസ്തുത പ്രോജക്ട് 2023-24 ൽ സ്പിൽ ഓവർ പ്രോജക്ട് ആയി നിലനിർത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 37/23, പൂതക്കുഴി കുടിവെള്ള പദ്ധതി പൂർത്തീകരണം (വാർഡ് 10, 11) | 75800 (ബിൽ നം – 13/26-05-22) | ധനകാര്യ കമ്മീഷൻ അവാർഡ് | മോട്ടോർ, മോട്ടോർ ഷെഡ് സ്ഥാപിച്ച വിതരണ പൈപ്പ് പൈപ്പ് ലൈൻ സ്ഥാപിക്കൽ വൈദ്യുതീകരണം എന്നിവ കൂടി പൂർത്തീകരിക്കാനുണ്ട്. |

കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-46 കുടിവെള്ളപദ്ധതികൾ- പൂർത്തീകരണ വിവരങ്ങളും ചെലവുതുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | 9/23 |
| അടങ്കൽ | 26,87,100 (ധനകാര്യക്കമ്മീഷൻ ടൈഡ്ഗ്രാന്റ് ) |
| ചെലവ് | 26,87,100/- |

നിർമ്മാണം പൂർത്തിയാകാത്തതിനെത്തുടർന്ന് കുടിവെള്ള വിതരണം നടത്താൻ കഴിയാത്ത കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ളവിതരണം സാധ്യമാക്കുക, കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നീ ലക്ഷ്യത്തോടെ ആവിഷ്കരിച്ച മേൽ പ്രോജക്ടിന്റെ ഭാഗമായി ഭൂജലവകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന വിവിധ കുടിവെള്ള പദ്ധതികൾക്കുവേണ്ടിയും, പുതിയ പദ്ധതികൾക്കുവേണ്ടിയും ഓഡിറ്റ് വർഷം ധനകാര്യക്കമ്മീഷൻ ടൈഡ്ഗ്രാന്റിൽനിന്നും 26,87,100/-രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കുടിവെള്ള പദ്ധതി/ പ്രവൃത്തി | എസ്റ്റിമേറ്റ് തുക | കൈമാറിയ തുക | ബിൽ /വൗച്ചർ നം |
|---|---|---|---|---|
| 1 | വാർഡ്-8കമ്പാനി കുടിവെള്ളപദ്ധതി | 5790 | 4,39,211/- | |
| 2 | വാർഡ്-4 പാലയ്ക്കാത്തോട്ടം -കാട്ടാംകുന്ന് കുടിവെള്ളപദ്ധതി | 9958 | | |
| 3 | വാർഡ്-9 നെൻമല -പറപ്പള്ളിഭാഗത്ത് കുഴൽക്കിണർ | 5790 | | |
| 5 | വാർഡ്-6 ടൗൺ കുടിവെള്ള പദ്ധതി | 399990/- | | |
| 6 | വാർഡ്-13 ഇല്ലിമറ്റം കുട്ടുങ്കൽപ്പടി റോഡിൽ 2 കിണറുകൾ | 5790 | | |
| 7 | വാർഡ്-16 പാമ്പാടിപ്പള്ളി-കിളിമല റോഡിൽ കിളിമല ജംഗ്ഷനിലെ | 9958 | | |

| | | | | |
|---|---|---|---|---|
| | കുഴൽക്കിണർ | | | |
| 8 | വാർഡ്-7 വാവോലിക്കൽ ഭാഗത്ത് കുഴൽക്കിണർ-ഇൻവെസ്റ്റിഗേഷൻ ചാർജ് | 1935 | | |
| 9 | വാർഡ്-7 വാവോലിക്കൽ ഭാഗത്ത് 2 സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് | 105000/- | 105000/- | Xvfc/2022-23 /p/50dt. 30-1-23 |
| 10 | മിനിവാട്ടർ സപ്ലൈ സ്കീം -ഓർവയൽഭാഗം,വാർഡ് -8 | 8,85000/- | 21,42,889/- | Xvfc/22-23 /p/72/2-3-23 |
| 11 | 10-ാം വാർഡിൽ ഇരുപ്പായിക്കൽ അങ്കണവാടിക്ക് സമീപം കുഴൽക്കിണർ നിർമ്മാണം | 9,40000/- | | |
| 12 | വാർഡ് -9 വലിയപറമ്പ് ഭാഗത്ത് മിനിവാട്ടർ സപ്ലൈ സ്കീം | 8,62,100/- | | |
| | ആകെ | 26,87,100/- | | |

മേൽ പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളതായി ഫയലിൽ രേഖകളില്ല. പ്രവൃത്തികൾ നടപ്പായിട്ടുള്ളപക്ഷം പൂർത്തീകരണ വിവരങ്ങൾ അഥവാ കുടിവെള്ളപദ്ധതികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-12/14-9-23)നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമനം- 1, 2, 5, 9 എന്നിവപ്രകാരമുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഭൂജലവകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും നിർമ്മാണത്തിനുമായി കൈമാറിയ തുകയുടെ ചെലവുവിശദാംശങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഭൂജലവകുപ്പിൽ നിന്നും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 26,87,100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതും പൂർത്തീകരണസാക്ഷ്യപത്രവും വിനിയോഗവിശദാംശങ്ങളും ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-47 തൊഴിലുറപ്പ് പദ്ധതി/മറ്റുള്ളതുമായ മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ 31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 1,407,314/- രൂപ തൊഴിലുറപ്പിന് അഡ്വാൻസ് നൽകിയത് ക്രമീകരിക്കാനുണ്ട്. മുൻവർഷങ്ങളിലേതുൾപ്പെടെ തൊഴിലുറപ്പിന് നൽകിയ മുൻകൂറുകൾ മതിയായ അലോട്ട്മെന്റ് ലഭ്യമാക്കി ക്രമീകരിക്കാതെ തുടരുന്നതാണ് 14 ലക്ഷത്തിലധികം മുൻകൂർ അവശേഷിക്കാൻ കാരണം. പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കാൻ മതിയായ തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക 2023-24 വർഷം തന്നെ ക്രമീകരിക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻവർഷങ്ങളിൽ നൽകിയ 172,696/- രൂപ ഏതെല്ലാം

ഉദ്യോഗസ്ഥർക്കാണ് നൽകിയതെന്ന വിവരം അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പായി ചേർത്തിട്ടില്ല. പ്രസ്തുത മുന്നിരിപ്പ് വിശദാംശം ചേർത്ത് രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്. 31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന Other Advance ശീർഷകത്തിലെ 91,349/- രൂപയിൽ കിലയിലേക്ക് നൽകിയ മുൻകൂറും ഉള്ളതായി കാണുന്നു. കിലയിലേക്ക് നൽകിയ മുൻകൂറുകൾ Advance To KILA ശീർഷകത്തിലേക്ക് മാറ്റി അക്കൗണ്ട് ചെയ്യേണ്ടതാണ്. മുൻകൂറുകൾ ക്രമീകരിച്ച ശേഷം വിശദാംശം ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 സമഗ്രശിക്ഷ കേരള-പഞ്ചായത്ത്ചെലവഴിച്ച 6 ലക്ഷം രൂപയുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 128/23 |
| അടങ്കൽ | 600000 (വികസന ഫണ്ട് പൊതു വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി സമഗ്രശിക്ഷ കേരള നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് 789000/-രൂപ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 30-6-22-ലെ ഡിമാന്റ് കത്ത് പ്രകാരം പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 600000/-രൂപ (ബിൽ നമ്പർ 72/17.08.22) കാനറാബാങ്ക് ശാഖയിലെ എസ്.എസ്.കെ.ബി.ആർ.സി-യുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (18/15-9-23)നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രവും ചെലവുവിശദാംശങ്ങളും ലഭ്യമാകുന്നതുവരെ ഇതിനായി നടത്തിയ 600000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച് വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-49 ലൈഫ് പദ്ധതി(ജനറൽ) - ഭവനനിർമ്മാണ പുരോഗതി അവലോകനം

ലൈഫ് മിഷൻ ഫേസ്-3, ലൈഫ് മിഷൻ-2020 എന്നീ ഘട്ടങ്ങളിലെ ഗുണഭോക്താക്കൾക്കാണ് 2022-23 വർഷം വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹിച്ച 97/23 നം. പ്രോജക്ടിലൂടെ 140.04 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളത്. ലൈഫ് മിഷൻ ഫേസ്-3 യിലെ 19 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങലിന് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. സ്ഥലം ലഭിച്ച എല്ലാ ഗുണഭോക്താക്കളും ഉൾപ്പടെ 78 ഗുണഭോക്താക്കളും ലൈഫ് മിഷൻ-2020 യിലെ 16 ഗുണഭോക്താക്കളും 31/03/2023 വരെ ഭവനനിർമ്മാണ ധനസഹായത്തിന് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ലൈഫ് മിഷൻ പ്രോജക്ട് രജിസ്റ്റർ പ്രകാരം സെപ്റ്റംബർ-2023 വരെയുള്ള ഭവന നിർമ്മാണ പുരോഗതി വിശകലനം ചുവടെ ചേർക്കുന്നു.

| ലൈഫ് മിഷൻ ഘട്ടം | ഗുണഭോക്താക്കൾ എണ്ണം | ഭവന നിർമ്മാണം പൂർത്തിയായത് | ഭവന നിർമ്മാണം അവസാന ഘട്ടം | ബാക്കി |
|---|---|---|---|---|
| ലൈഫ് മിഷൻ ഫേസ്-3 | 78 | 42 | 17 | 19 |
| ലൈഫ് | 16 | - | - | 16 |

| | | | | |
|---|---|---|---|---|
| മിഷൻ-2020 | | | | |
| ആകെ | 94 | 42 | 17 | 35 |

ലൈഫ് മിഷൻ ഫേസ്-3 യിലെ 19 പേരിൽ 12 പേർ ജനവരി-2023 ലും ലൈഫ് മിഷൻ-2020 യിലെ 16 ഗുണഭോക്താക്കൾ മാർച്ച്-2023 ലും കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചവരാണ്. എന്നാൽ 2022-23 വർഷാദ്യവും മുൻവർഷങ്ങളിലും കരാറിലേർപ്പെട്ട ശേഷം ഭവനനിർമ്മാണ പുരോഗതിയില്ലാത്ത 7 ഗുണഭോക്താക്കളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ്/ വാർഡ് | കരാർ തീയതി | രജിസ്റ്റർ ക്രമ നം. | പൂർത്തിയായ സ്റ്റേജ് | നാളിതുവരെ ധനസഹായം |
|---|---|---|---|---|---|
| 1. | കമലമ്മ ഭാസ്കരൻ, ചൂരനവേലിൽ (IV) | 16/12/2022 | 56 | തറ | 40,000/- |
| 2. | കുഞ്ഞമ്മ തോമസ്, പുറത്തയിൽ (IV) | 12/07/2021 | 47 | ഭിത്തി | 2 ലക്ഷം |
| 3. | തങ്കമ്മ എം. എം. മത്തിൽ പറമ്പിൽ (X) | 12/07/2022 | 61 | തറ | 40,000/- |
| 4. | ഏലിയാമ്മ ജോസഫ്, പുറന്താനം (V) | 19/07/2021 | 49 | ഭിത്തി | 1.4 ലക്ഷം 31/03/2022 വരെ |
| 5. | ഷീബ റോയ്, കല്ലുങ്കപ്പാറയിൽ(XV) | 30/01/2021 | 50 | ഭിത്തി | 1.4 ലക്ഷം 31/03/2022 വരെ |
| 6. | ബിന്ദു ജിനു, നെടുപുഞ്ചയിൽ (IV) | 15/02/2021 | 52 | ഭിത്തി | 1.4 ലക്ഷം 31/03/2022 വരെ |
| 7. | കമലമ്മ ഭാസ്കരൻ, ചൂരനേലിൽ (IV) | 15/06/2022 | 56 | തറ | 40,000/- |

ക്രമ നം.4, 5, 6 ഗുണഭോക്താക്കൾ 31/03/2022 ന ശേഷം 2022-23 വർഷത്തിൽ ധനസഹായം കൈപ്പറ്റിയിട്ടില്ല. മേൽപറഞ്ഞ ഭവന നിർമ്മാണത്തിൽ പുരോഗതിയില്ലാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അതാത് വാർഡ് മെമ്പർ മുഖേന മോണിറ്റർ ചെയ്ത് പൂർത്തിയാക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. കരാർ പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കുന്നത് നിരീക്ഷിക്കേണ്ടതാണ്. ലൈഫ് മിഷൻ ഫേസ്-3, 2020 ഘട്ടങ്ങളുടെ പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-50 ലൈഫ് പദ്ധതി(പട്ടികജാതി)-വിശകലനം

ലൈഫ് മിഷൻ ഫേസ്-3 അഡിഷണൽ ലിസ്റ്റ്, ലൈഫ് മിഷൻ-2020 എന്നീ ഘട്ടങ്ങളിലെ പട്ടികജാതി ഗുണഭോക്താക്കൾക്കാണ് 2022-23 വർഷം വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹിച്ച 96/23 നം. പ്രോജക്ടിലൂടെ 44 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളത്. ലൈഫ് മിഷൻ-2020 യിലെ 8 ഗുണഭോക്താക്കളും 2022-23 വർഷാവസാനമാണ് കരാറിൽ ഏർപ്പെട്ടത്. ലൈഫ് മിഷൻ ഫേസ്-3 യിൽ 31/03/2023 വരെ കരാറിൽ ഏർപ്പെട്ട 29 ഗുണഭോക്താക്കളിൽ 15 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി 12 പേർ ഭവനനിർമ്മാണം അവസാന ഘട്ടത്തിലാണ്. ഭവന നിർമ്മാണത്തിൽ പുരോഗതി കൈവരിക്കാത്ത 2 ഗുണഭോക്താക്കളുണ്ട് (ലൈഫ് മിഷൻ പ്രോജക്ട്

രജിസ്റ്റർ പ്രകാരം).

| ക്രമ നം. | ഗുണഭോക്താവ്/ വാർഡ് | കരാർ തീയതി | പൂർത്തിയായ സ്റ്റേജ് | നാളിതുവരെ ധനസഹായം |
|---|---|---|---|---|
| 1. | സുനു, കല്ലുവേലിപ്പറമ്പിൽ(IV) | 03/06/2022 | തറ | 40,000/- |
| 2. | ഉഷ ബാബു, പള്ളിതെക്കേതിൽ(IV) | 26/06/2022 | ഭിത്തി | 2 ലക്ഷം |

മേൽപറഞ്ഞ ഭവന നിർമ്മാണത്തിൽ പുരോഗതിയില്ലാത്ത 2 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അതാത് വാർഡ് മെമ്പർ മുഖേന മോണിറ്റർ ചെയ്ത് പൂർത്തിയാക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. കരാർ പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കുന്നത് നിരീക്ഷിക്കേണ്ടതാണ്. ലൈഫ് മിഷൻ ഫേസ്-3, 2020 പദ്ധതികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-51 അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതെ പദ്ധതി ആനുകൂല്യം അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | 114/22-23 - വീട് വാസയോഗ്യമാക്കൽ - പട്ടിക ജാതി |
| ചെലവ് | 2450000 (എസ്.സിപി) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ - പാമ്പാടി |

പട്ടിക ജാതി വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് തുക നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം 100000 രൂപ നൽകിയ (ബിൽ നം 1/22-23 തീയതി 13.12.22 പ്രകാരം 50000 രൂപയും ബിൽ നം 12/22-23 തീയതി 10.02.23 പ്രകാരം 50000 രൂപയും) ശശി വി.കെ എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/16.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന ജാതി സർട്ടഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-52 കാർഷികവിപണനകേന്ദ്രം - ഉയർന്ന വിഭവസമാഹരണത്തിന് സാധ്യമാകുംവിധം സജ്ജമാക്കിയിട്ടില്ല

പാമ്പാടി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗം കൃഷിയാണ്. പാമ്പാടി മാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി നബാർഡ് ധനസഹായത്തോടെ കോട്ടയം ജില്ലാപഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മിച്ച കാർഷികവിപണനകേന്ദ്രത്തിനുള്ള കെട്ടിടനിർമ്മാണം എന്ന പ്രോജക്ട് 2016-17 വർഷം പൂർത്തീകരിച്ചിരുന്നു. 1.80 കോടി നബാർഡ് ഫണ്ടും 20 ലക്ഷം ജില്ലാപഞ്ചായത്ത് വിഹിതവുമുൾപ്പെടെ 2 കോടി രൂപയോളം ചെലവഴിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. ശരിയായ കാർഷികവിപണനകേന്ദ്രം ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ട് നിലവിൽ 5 വർഷം പിന്നിടുന്നു. കെട്ടിടം കൈമാറി ലഭിച്ചതിനശേഷം



കാർഷികമേഖലയെ പരിപോഷിപ്പിക്കുക കൃഷിഭവന് മെച്ചപ്പെട്ട ഭൗതികസാഹചര്യം നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഗ്രാമപഞ്ചായത്ത് തുടർന്നുവന്ന വാർഷികപദ്ധതികളിൽ വിപണനകേന്ദ്രത്തിൽ




ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പല പൂർത്തീകരണ പ്രോജക്ടുകളും ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിരുന്നു. കാർഷികവിപണനകേന്ദ്രം എന്ന പേരിൽ നിർമ്മിക്കപ്പെട്ട കെട്ടിടമാണെങ്കിലും കാർഷികവിപണനത്തിനായോ കാർഷികമേഖലയുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും കാര്യത്തിനായോ അഥവാ പ്രോജക്ടിൽ പറഞ്ഞിരുന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കെട്ടിടം പ്രയോജനപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നാളിതുവരെ നടപടികളുണ്ടായിട്ടില്ല. ആയതിനാൽ കാർഷികവിപണനകേന്ദ്രം എന്ന നിലയിൽ പ്രസ്തുത പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതാണ്.

കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതും, പൂർത്തീകരിച്ച കെട്ടിടഭാഗത്തിന്റെ പരിമിതികളും വാടകയിനത്തിലുള്ള വിഭവസമാഹരണത്തേയും പ്രതികൂലമായി ബാധിക്കുന്നു.

കാർഷികവിപണന കേന്ദ്രത്തിന്റെ മുകളിലും താഴെയുമായി ആകെ 33 മുറികളാണുള്ളത്. ആയതിന് ATC 11 മുതൽ 33 വരെയുള്ള നമ്പരാണ് നൽകിയിട്ടുള്ളത്. കെട്ടിടമുറികൾക്ക് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചുനൽകിയ ഉയർന്ന വാടകനിരക്ക് കടുതലായതിനാൽ വാടകയ്ക്കെടുക്കാൻ ആരും തയ്യാറാകാത്ത സാഹചര്യം നിലനിൽക്കുന്നതായും ആയതിനാൽ വാടകത്തുകയിൽ ഇളവനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർക്ക് ഉചിതമാർഗ്ഗേണ കത്ത് നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നതായും മിനിറ്റ്സ് രേഖകളിൽ നിന്നും ബോധ്യപ്പെട്ടു. മാത്രമല്ല ഉയർന്ന വാടക ഡിമാന്റ് ചെയ്യത്തക്കതരത്തിൽ ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഇല്ലായെന്നുമാത്രമല്ല മഴക്കാലത്ത് കെട്ടിടമുറികളിൽ പലതിലും ചോർച്ചയും ഉണ്ടാകുന്നുണ്ട്. ആയതിനാൽത്തന്നെ നിലവിൽ 9 മുറികൾ മാത്രമേ വാടകയ്ക്ക് നൽകാൻ സാധിച്ചിട്ടുള്ളൂ. ജനകീയ ഹോട്ടലിന് വാടകരഹിതമായി അനുവദിച്ചിട്ടുള്ള ATC 11,12 എന്നീ രണ്ട് മുറികൾ ഉൾപ്പെടെ ആകെ 11 മുറികളിൽ മാത്രമേ നിലവിൽ പ്രവർത്തനം നടക്കുന്നുള്ളൂ എന്ന് പ്രാദേശികപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. കെട്ടിടത്തിലെ ബാക്കിയുള്ള മുറികൾ മിക്കതും നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്. വാടകരജിസ്റ്ററിൽ കെട്ടിടത്തിലെ ആകെ മുറികൾ, മുറികളുടെ നമ്പർ അവയ്ക്ക് ഓരോന്നിനും നിശ്ചയിക്കപ്പെട്ട വാടകത്തുക, വാടകയ്ക്ക് അനുവദിച്ച മുറികൾ, ഒഴിഞ്ഞുകിടക്കുന്നവ തുടങ്ങിയ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തുന്നില്ല.



നിർമ്മാണപ്രവൃത്തികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത തരത്തിലാണ് നിലവിലും കാർഷികവിപണനകേന്ദ്രത്തിന്റെ കെട്ടിടം കാണപ്പെടുന്നത്. കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനും നിലവിലുള്ള കെട്ടിടഭാഗങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ആവശ്യമായ മറ്റ് ഭൗതീകസാഹചര്യങ്ങൾക്കും




വേണ്ടി വാർഷികപദ്ധതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ചുനടപ്പാക്കേണ്ടതും ഉയർന്ന നിരക്കിൽ വാടക ലഭ്യമാകത്തക്കതരത്തിൽ കെട്ടിടത്തെ സജ്ജമാക്കേണ്ടതുമാണ്. എല്ലാ മുറികളും വാടകയ്ക്ക് നൽകി കെട്ടിടം പഞ്ചായത്തിന് വരുമാനദായകമാക്കി പ്രയോജനപ്പെടുത്തുന്നതിനും പരമാവധി വിഭവസമാഹരണം സാധ്യമാക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ആത്മാർത്ഥമായ ഇടപെടലും പ്രവർത്തനങ്ങളും ഇക്കാര്യത്തിലുണ്ടാകണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-53 കാലി ബാരൽ വില - ബില്ലുകളിൽ നിന്ന് കുറവ് ചെയ്ത തുക നിശ്ചിത ഫണ്ടുകളിലേയ്ക്ക് അടവാക്കേണ്ടതാണ്

സർക്കുലർ നമ്പർ 59827/എഫ് എം/07 തസ്വഭവ തീ 30-10-2007 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി ഒ (പി)177/06 ഫിൻ തീയതി 12-4-2006 ഉത്തരവ് ഖണ്ഡിക 3-10 പാലിച്ച് തിരിച്ചടക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 ൽ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരൽ വില കുറവ് ചെയ്തിട്ടുണ്ടെങ്കിലും തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വാർഷിക കണക്കുകൾ പ്രകാരം തൻ വർഷം 14,050 രൂപ ഈയിനത്തിൽ വരവുണ്ട്. തനത് ഫണ്ട് ഇതര ഫണ്ടുകളുപയോഗിച്ച് ടാർ വാങ്ങിയ പ്രവൃത്തികളുടെ കാലി ബാരൽ വില കണക്കാക്കി നിശ്ചിത ഫണ്ടുകളിലേയ്ക്കും, ജി എസ് ടി നിശ്ചിത ശീർഷകത്തിലും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-54 അധിക വിഭവ സമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടേയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. തനതുവരുമാനമായ വസ്തു നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽകമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റു വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതിമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടില്ലെന്നു കാണുന്നു. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ.22-3-33 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം

25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 01.06.23ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിതീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 4-1). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 23-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 1-4-23 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു (01-07-23- ലെ SC1-3681/2023. കരട് വിജ്ഞാപനം പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 11/09/2023 തീയതിയിലെ എസ്.സി 1-3681 /23 പ്രകാരം അന്തിമ വിഞ്ജാപനം പുറപ്പെടുവിക്കുകയും 13/09/2023 ലെ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 13 ലക്ഷത്തിലേറെ രൂപ കുടിശ്ശികയുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 679 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2393 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

വാർഷിക ധനകാര്യ പത്രിക പ്രകാരം 4 ലക്ഷത്തിലധികം രൂപ വാടക കുടിശ്ശികയുണ്ട്. വാടകയിനത്തിൽ ദീർഘനാളായി അവശേഷിക്കുന്ന കുടിശ്ശിക ഗ്രാമപഞ്ചായത്തിന് ഈടാക്കാൻ സാധിക്കില്ല എന്ന് ഉത്തമബോധ്യപ്പെടുന്ന സംഗതികളിൽ ആയത് ഈടാക്കുന്നതിന് നിയമ നടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ അടിസ്ഥാന ഡേറ്റ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ പൂർത്തിയാക്കാതിരുന്നതിനാൽ പഞ്ചായത്തിന് ചെറിയ അളവിലെങ്കിലും വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകളെ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടുകളിൽ തുക വൻതുക നീക്കിയിരിപ്പ് നിൽക്കുന്നത് വരുമാനദായകമായ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാത്ത പക്ഷം സ്ഥിരനിക്ഷേപമാക്കുന്നതിലൂടെ ബാങ്ക് അക്കൗണ്ടുകളിൽനിന്നുള്ള പലിശവരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നതാണ്. കൂടാതെ തനതുവരവുകൾ ലഭ്യമാകുന്ന കറന്റ് അക്കൗണ്ടിൽ മിനിമം ബാലൻസ് തുക മാത്രം നിലനിർത്തി ബാക്കിതുക പൂർണ്ണമായും കാലതാമസമെടുക്കാതെ തന്നെ സേവിംഗ്സ് ബാങ്ക്

അക്കൗണ്ടിലേക്ക് മാറ്റുകയും അതിൽനിന്നും നിശ്ചിത തുക സ്ഥിരനിക്ഷേപമാക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതുമാണ് .

ജില്ലാപഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് കൈമാറിലഭിച്ച കാർഷിക വിപണനകേന്ദ്രത്തിന്റെ പൂർത്തീകരിച്ചിട്ടില്ലാത്ത കെട്ടിടനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കെട്ടിടമുറികൾ ഫർണീഷിംഗ് നടത്തി ഉയർന്നനിരക്കിൽ വാടക ലഭിക്കാൻ പര്യാപ്തമായ തരത്തിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിനും വാർഷികപദ്ധതിയിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. കൂടാതെ സാധ്യമായ പരസ്യപ്രചാരണമാർഗ്ഗങ്ങളിലൂടെ നിലവിൽ ഒഴിഞ്ഞുകിടക്കുന്നതുൾപ്പെടെ കെട്ടിടത്തിന്റെ എല്ലാ മുറികളും വാടകയ്ക്ക് പോകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ബസ്സ്റ്റാന്റ് നവീകരണം എന്ന ബൃഹത്പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പ്രധാനവിഭവ സ്രോതസ്സായി മാറത്തക്കതരത്തിൽ ദീർഘവീക്ഷണത്തോടെയും കൃത്യമായ ആസൂത്രണത്തിലൂടെയും രൂപകൽപ്പനചെയ്യപ്പെടുന്നതിനും കാലതാമസമില്ലാതെ പൂർത്തീകരിക്കപ്പെടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 11/09/2023, 12/09/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1,208,000/- രൂപയും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2,558,675/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 88,000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് യാത്രാബത്ത (103/23) | 88,000/- | 0 |
| | 560,000/- | ലൈഫ് ഭവന നിർമ്മാണം -പട്ടികജാതി (96/23) | 560,000/- | 0 |
| | 560,000/- | ലൈഫ് ഭവന നിർമ്മാണം -ജനറൽ (97/23) | 560,000/- | 0 |
| ആകെ | 1,208,000/- | ജില്ല പഞ്ചായത്ത് വിഹിതം | 1,208,000/- | 0 |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 298,000/- | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പാമ്പാടി താലൂക്ക് ആശുപത്രി പരിസരം (228/23) | 298,000/- | 0 |
| | 1,884,000/- | ലൈഫ് ഭവന നിർമ്മാണം -ജനറൽ (97/23) | 1,884,000/- | 0 |
| | 376,675/- | കട്ടാംകുന്നേൽ ഇടയാടി പാറാമറ്റം റോഡ് കോൺക്രീറ്റിങ്ങ് വാർഡ്-4 (147/23) | 376,675/- | 0 |
| ആകെ | 2,558,675/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,558,675/- | 0 |

സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ചെലവുകളായകളായ 228/23, 147/23 നം. പ്രോജക്ടുകൾ പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന്റെ വിനിമയം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷം പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് ഭൂജല വകുപ്പ്(GWD), KSEB എന്നീ നിർവ്വഹണ ഏജൻസികളിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലൂടെ തുക നിക്ഷേപിച്ചിട്ടുണ്ട്. മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് (GWD) | നിർമ്മാണം പൂർത്തിയാക്കാനുള്ള കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും (9/23) | 2,687,100/- | 0 | 2,687,100/- |
| KSEB | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 7,448/- | 7,448/- | 0 |

മുൻവർഷ നിക്ഷേപങ്ങളിൽ 2022-23 വർഷം ഭൂജല വകുപ്പിലെ നിക്ഷേപത്തിൽ ക്രമീകരിക്കപ്പെട്ട 1,796,670/- രൂപയുടെയും മറ്റ് ഏജൻസികളിലെ നിക്ഷേപത്തിൽ ക്രമീകരിക്കപ്പെട്ട 2,607,500/- രൂപയുടെയും വിവരം നിക്ഷേപ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആധികരാരികത വ്യക്തമല്ല. 2022-23 മുൻകൂർ രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് പൂർത്തിയാക്കി ക്രമീകരണ വിവരങ്ങൾ ധനവിനിയോഗ വിവരം ചേർത്ത് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഉൾപ്പടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

പാമ്പാടി ഗ്രാമപഞ്ചാത്ത് ഫണ്ടിൽ നിന്നും 2022-23 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷമാണ് ലൈഫ് പദ്ധതിക്കായി KURDFC യിൽ നിന്നും വായ്പയെടുക്കാൻ തുടങ്ങിയത്. തൻവർഷം പഞ്ചായത്ത് വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം 31/03/2023-ൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടേയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജി.ഒ.(എം.എസ്) 68/2018/LSGD തീ-18.05.2018 | ഇല്ല | 7,520,000/- | 223,196/- | - | 7,296,804/- |

സെക്രട്ടറിയുടെ 260/23, 264/23 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ (SCSP)-യിൽ നിന്നും 223,196/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്താണ്(Source Deduction) KURDFC വായ്പ തിരിച്ചടവ് നടത്തിയത്. തൻവർഷം തുടങ്ങിയ വായ്പയുടെ വായ്പ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. KURDFC വായ്പ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മുൻവർഷം വരെയുണ്ടായിരുന്ന (2021-22 ൽ മുതൽ അടവാക്കിത്തീർത്ത Kerala Bank Loan Account No.050266018320001) പാമ്പാടി ഭവന പദ്ധതിയുടെ വായ്പ പലിശ തിരിച്ചടവ് സെക്രട്ടറിയുടെ പ്രോജക്ട് നം.71/23 പ്രകാരം 34,267/- രൂപ തൻവർഷം കേരള ബാങ്കിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത ലോൺ തീർപ്പാക്കിയതിന്റെ ബാധ്യത രഹിത സാക്ഷ്യപത്രം(Non Liability Certificate-NLC) ഹാജരാക്കിയിട്ടില്ല. NLC കേരള ബാങ്കിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സ്ഥിരനിക്ഷേപ(Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,707,990/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 329,327/- |
| ആകെ | 5,037,317/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,037,317/- |

31/03/2023 വരെയുള്ള സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശ നിക്ഷേപ തുകയിലേക്ക് ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. പലിശയിനത്തിൽ 5,943/- രൂപ അധികം അക്കൗണ്ട് ചെയ്തതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റിൽ(കണക്ക് ശീർഷകം-420800101) നിക്ഷേപ തുക അധികമായി (5,043,260/-രൂപ) പ്രതിഫലിക്കുന്നു. അക്കൗണ്ടിങ്ങ് അപാകത 2023-24 ൽ പരിഹരിക്കേണ്ടതാണ്.

നിക്ഷേപ സർട്ടിഫിക്കറ്റുകൾ, നിക്ഷേപ സ്റ്റോൾ പ്രകാരം പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

| നിക്ഷേപിച്ച ബാങ്ക്/ശാഖ | FD Account No./ പലിശ നിരക്ക് | 01/04/2022 മുന്നിരിപ്പ് | 2022-23 ൽ ലഭിച്ച പലിശ | 31/03/2023 നീക്കിയിരിപ്പ് | നിക്ഷപം പുതുക്കിയ തീയതി |
|---|---|---|---|---|---|
| Pampady Service Co-Operaive Bank Ltd No.831 /പാമ്പാടി | 24827 7.25 % | 2,307,662/- | 167,305/- | 2,474,967/- | 04/08/2022 12 മാസം |
| Velloor Service Co-Operaive Bank Ltd No.K-231 | 0110200016194 6.75 % | 2,400,328/- | 162,022/- | 2,562,350/- | 04/02/2023 12 മാസം |
| ആകെ സ്ഥിര നിക്ഷേപം | | 4,707,990/- | 329,327/- | 5,037,317/- | |

സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ സ്ഥിരനിക്ഷേപ രജിസ്റ്ററിൽ(Fixed Deposits Register) സാമ്പത്തിക വർഷം അടിസ്ഥാനത്തിലല്ല സൂക്ഷിക്കുന്നത്. ഓരോ സ്ഥിരനിക്ഷേപത്തിന്റെയും കണക്കുകൾ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ നിലവിലുണ്ടെങ്കിലും ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പാമ്പാടി ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4-1 | 2016-17 | നം.1, അനുബന്ധം-3 | വസ്തു നികുതി പരിഷ്ക്കരണത്തിന് ആധികാരിക സ്ഥിരീകരണമില്ല | സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4-2 | 2016-17 | നം.2, അനുബന്ധം-4 | തൊഴിൽ നികുതി | സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-4-1, 2-4-2, 2-4-3, 2-4-4 | 2016-17 | നം.2, അനുബന്ധം-5 | തൊഴിൽ നികുതി | സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പെടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 121,464,208/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 57,798,060/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 168,005,766/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 165,950,331/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,198,900/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 590,000/- | അനിൽ കുമാർ കെ. എസ്.,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി) |
| 1-35 | 1,71,800/- | അരുൺ പി. സുരേന്ദ്രൻ,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി സൗത്ത്) |
| 1-38 | 50,000/- | അനിൽ കുമാർ കെ. എസ്.,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി) |
| 1-46 | 2,687,100/- | സുജ മാത്യു, സെക്രട്ടറി |
| 1-48 | 600,000/- | സുജ മാത്യു, സെക്രട്ടറി |
| 1-51 | 100,000/- | അനിൽ കുമാർ കെ. എസ്.,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പാമ്പാടി) |
| ആകെ | 4,198,900/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഭരണസമിതി നിരീക്ഷിച്ച് തുടർനടപടി സ്വീകരിക്കേണ്ടത്

- വരവിനങ്ങൾ – ഖണ്ഡിക 1-21, 1-24, 1-25, 1-26
- ചെലവിനങ്ങൾ – ഖണ്ഡിക 1-28, 1-29
- ആസ്തികൾ – ഖണ്ഡിക 1-30, 1-31, 1-33

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി4/388/2000/03.08.2000 | - |
| 1995-96 | എൽ.എഫ്.കെ.പി4/178/2008/15.12.2008 | - |
| 1999-02 (Plan) | എൽ.എഫ്.കെ.പി6/164/2003/07.08.2008 | - |
| 2002-03 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/103(2)/2022 /03.08.2022 | 1 |
| 2003-04 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/103(3)/2022 /03.08.2022 | 1 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/103(4)/2022 /03.08.2022 | 3 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1099/2022 /03.08.2022 | 3 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1101/2022 /03.08.2022 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1235/2022 /03.08.2022 | 2 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1100/2022 /03.08.2022 | 5 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1102/2022 /03.08.2022 | 4 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1233/2022 /03.08.2022 | 4 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ-2022)/1104/2022 /03.08.2022 | 4 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/1103/2022/08.08.2022 | 14 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/1234/2022/24.06.2022 | 11 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/1105/2022/29.08.2022 | 16 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/1340/2022/31.08.2022 | 21 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13/1190/2021/03.01.2022 | 17 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി13/1191/2021/03.01.2022 | 22 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം-പി13/361/2023/11.07.2023 | 34 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 22-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pampady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pampady Grama Panchayat for the year 2022-2023

Date: 25/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Pampady Grama Panchayat for the Year 2022-2023.

**1.Major Observations**

1. General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023
2. Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available
3. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated
4. Assets Generated during current year-detailed project wise and fundwise data not provided

**2.Other Observations**

1. Government /other dues register not maintained
2. Depreciation calculation sheet not provided
3. Demand-Collection-Balance details and abstract of Rent, Professon Tax, License are not certified and properly maintained
4. Contigent Expenses Register (Recurring Charges Source Register) not maintained
5. Administrative expense of 31,700/- directly accounted instead of accrual accounting
6. The closing balance of Fixed deposit as per balance sheet exceed Rs. 5,943/-from actual deposit.
7. Redumption received from government during 2022-23 not accounted as receipt.
8. Accrual expenditures are not done in available distingished liability head of accounts.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്